ഗവർണ്ണർ ജയിൻ 1000 ക. സംഭാവനചെയ്തു
(പി. ടി. ഐ) തിരുവനന്തപുരം മെയ് 20
കേരള ഗവർണ്ണർ എ. പി. ജയിൻ നെഹ്രുമെമ്മോറിയൽ ഫണ്ടിലേയ്ക്ക് 1000ക സംഭാവനചെയ്തിരിക്കുന്നു.

Reg: No. K. 31

തൊഴിലാളി

Founder: Father Vadakkan : Managing Editor B. Wellington B. A

'തൊഴിലാളി' വരിസംഖ്യ നിരക്ക്
വാരാന്ത്യപ്പതിപ്പ്

	പോസ്റ്റാഫീസ്	പോസ്റ്റാഫീസിതര
ഒരു കൊല്ലത്തേയ്ക്ക്	27.00	6.00
6 മാസത്തേയ്ക്ക്	13.50	3.00
1 മാസത്തേയ്ക്ക്	2.25	1.50
ഏജന്റുമാർവഴി ഒരു മാസത്തേയ്ക്ക്		2.10
വാരാന്ത്യപ്പതിപ്പ് മാത്രം		0.10
ഓരോപ്രതി	0.07	

മാനേജർ.

വാല്യം 12 | ലക്കം 133 | 1965 മേയ് 21 വെള്ളി | തൃശൂർ | വില 7 പൈസ | പേജ് 4

ശാസ്ത്രീ റഷ്യൻസന്ദർശനം കഴിഞ്ഞു മടങ്ങി

ഉപരാഷ്ട്രപതി കുവെയ്റ്റിൽ
വിമാനത്താവളത്തിൽ ഗംഭീര സ്വീകരണം

[പി. ടി. ഐ.] കുവെയ്റ്റ് മെയ് 20

എല്ലാ സന്ധന്നമായ കുവെയ്റ്റിൽ മൂന്നു ദിവസത്തെ ഔദ്യോഗിക സന്ദർശനാർത്ഥം എത്തിച്ചേർന്ന ഇന്ത്യൻഉപരാഷ്ട്രപതിസക്കീർഹുസ്സയിന് ഹൃദ്യമായ ഒരു സ്വീകരണം നൽകപ്പെട്ടിരിക്കുന്നു.

കിരീടാവകാശിയും ആഭ്യന്തര മന്ത്രിയുമായ ഷെയ്ക് അബ്ദുള്ള അൽസബാഹും അൽസബാഹ് ജകമാരൻ വിമാനത്താവളത്തിൽവെച്ച് ഉപരാഷ്ട്രപതിയെ സ്വീകരിച്ചു.

വിമാനത്താവളത്തിലെ സ്വീകരണത്തിനുശേഷം പതാകകളാൽ അലങ്കരിക്കപ്പെട്ടിരുന്ന വീഥിയിൽകൂടി 10 മൈൽ അകലെയുള്ള സലാം പാലസിലേയ്ക്ക് പോയി.

ധാരാളം ഇന്ത്യക്കാരും വിമാനത്താവളത്തിലെത്തിയിരുന്നു.

....

കട്ടംകൃഷി ഭൂമിക്കുള്ള അപേക്ഷാസമർപ്പണം
ഡിസം. 31 വരെ നീട്ടി

[പി. ടി. ഐ.] തിരു. മെ. 20

കട്ടംകൃഷി ഭൂമി അനുവദിക്കാനുള്ള അപേക്ഷകളും സമർപ്പിക്കുന്നതിനുള്ള തീയതി ഡിസം. 31 വരെ നീട്ടിക്കൊണ്ട് ഗവണ്മെന്റ് ഉത്തരവായിരിക്കുന്നു.

....

ഒഴിവാക്കി

[പി ടി ഐ] തിരു. മേയ് 20

നെഹ്റു മെമ്മോറിയൽ ഫണ്ടിലേയ്ക്കുള്ള സംഭാവനകളെ കാഷ്കിഓഡായനികുതി നിയമത്തിൽനിന്നും ഒഴിവാക്കിക്കൊണ്ട് കാഷ്കിഓഡായനികുതി ചട്ടങ്ങളിൽ ഗവണ്മെന്റ് ഭേദഗതി വരുത്തിയിരിക്കുന്നു.

....

ഭക്ഷ്യകോർപ്പറേഷൻ അരി ശേഖരിക്കുന്നു
ചെന്നു ചെയർമാൻചൈ

(പി ടി ഐ) മംഗലാപുരം മേ. 20

ഡിമാൻഡ് നേരിടാൻ ആവശ്യമായ അരി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ശേഖരിച്ചുനിർത്തുന്ന ജോലിയിലാണ് ഇന്ത്യൻ ഭക്ഷ്യകോർപ്പറേഷൻ വ്യാപൃതമായിരിക്കുന്നതെന്ന് കോർപ്പറേഷൻ ചെയർമൻ ടി. എ. പൈ ഇന്നിവിടെ വച്ച് പ്രസ്താവിച്ചിരിക്കുന്നു. ഈ ഒരു ക്കങ്ങളും ജൂൺ മദ്ധ്യത്തോടുകൂടി പൂർത്തിയാവുമെന്നു അദ്ദേഹം പ്രത്യാശിക്കുന്നു.

ഭക്ഷ്യകോർപ്പറേഷന്റെ കരുതൽശേഖരിച്ചുവെയ്ക്കാൻ, മൈസൂരിലെ നെൽകൃഷിപ്രദേശങ്ങളിൽ ഏതാനും സൈസ്മില്ലുകളും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും പൈ പറഞ്ഞു.

....

നാലാം പഞ്ചവത്സരപദ്ധതിക്ക് റഷ്യ ഗണ്യമായ സഹായം നൽകുമെന്ന്

ഒക്ടോബർവിപ്ലവത്തിനു പ്രശംസ

(പി ടി ഐ) ന്യൂഡൽഹി, മെയ് 20

എട്ടുദിവസം ദീർഘിച്ച സോവ്യറ്റ് സന്ദർശനത്തിനുശേഷം ഇന്നിവിടെ മടങ്ങിയെത്തിയ പ്രധാനമന്ത്രി ലാൽബഹദൂർശാസ്ത്രിക്ക് ഹൃദ്യമായ ഒരു സ്വീകരണം നൽകപ്പെട്ടു.

സമയം സൌകര്യപ്രദമല്ലായിരുന്നു വെങ്കിലും ഒരു നല്ല ജനക്കൂട്ടം അദ്ദേഹത്തെ അഭിവാദ്യം ചെയ്യാൻ വിമാനത്താവളത്തിലെത്തിയിരുന്നു. പുലർച്ചെ 1.15നാണ് വിമാനം ഇറങ്ങിയതു്.

സോവ്യറ്റ് റഷ്യയിൽ താൻ നടത്തിയ ചർച്ചകളുടെ പൊതുവായ ഒരു ചിത്രം സംയുക്തകമ്മ്യൂണിക്കേ പ്രതിഫലിപ്പിക്കുന്നുണ്ടെന്ന് ശാസ്ത്രി പത്രലേഖകരോടു പറഞ്ഞു. കമ്മ്യൂണിക്കേയിൽ പരാമർശിക്കപ്പെടാത്ത ചില വിഷയങ്ങളും ചർച്ചയ്ക്കുവന്നു. കച്ച് പ്രശ്നവും പൈനയുമായിരുന്നു അവ.

കച്ചിൽ മുൻനില പുനഃസ്ഥാപിക്കപ്പെടണമെന്ന ഇന്ത്യൻ നിലപാടിനു റഷ്യയുടെ പിന്തുണയുണ്ടോ എന്ന ചോദ്യത്തിന് ശാസ്ത്രിയുടെ മറുപടി ഇപ്രകാരമായിരുന്നു. 'ഈ വിഷയം പരസ്യമായി പരാമർശിക്കപ്പെടേതില്ലായിരുന്നു', ബ്രിട്ടീഷ് ഗവണ്മെന്റ് ഇന്തൃയും പാകിസ്ഥാനും തമ്മിൽ ഇതു സംബന്ധിച്ചു ചില ചർച്ചകൾ നടത്തിവരുന്നുണ്ടെന്ന് അവർക്കറിയാമായിരുന്നുതാനും. ഇതുസംബന്ധിച്ച് പ്രത്യേകമായ ഏതെങ്കിലും പരാമർശനം അഭിലഷണീയമല്ലെന്ന് അവർ തോന്നി. സാധ്യമാകുകയാണെങ്കിൽ ഇക്കാര്യം സമാധാനപരമായ മാർഗ്ഗങ്ങളിൽകൂടി പരിഹരിക്കപ്പെടുക്കാം.'

പൈനയെപ്പറ്റി 'പൂർണ്ണമായ' ചർച്ചകൾ നടന്നുവെന്ന് ശാസ്ത്രി പറഞ്ഞു. ഇന്ത്യയുടെ നാലാം പഞ്ചവത്സരപദ്ധതിക്ക് റഷ്യ 'ഗണ്യമായ സഹായം' നൽകും. ഇന്ത്യാപാക്കിസ്ഥാൻ പ്രശ്നങ്ങളുമായി കൂട്ടായ സാംസ്കാരികബന്ധങ്ങളും ശാസ്ത്രജ്ഞന്മാരുടെയും വിദ്യാർത്ഥികളുടെയും പ്രൊഫസ്സർമാരുടെയും കൈമാറ്റവും നടക്കും.

സോവ്യറ്റ് നേതാക്കളായ ബ്രഷ്നേവ്, കോസിജിൻ, മിക്കോയൻ എന്നിവരെ താൻ ഇന്ത്യൻ സന്ദർശനത്തിനു ക്ഷണിച്ചിട്ടുണ്ടെന്നും അവർ ക്ഷണം സ്വീകരിച്ചുവെന്നും സന്ദർശനത്തിയതി നിശ്ചയിച്ചിട്ടില്ലെന്നും ശാസ്ത്രി പറഞ്ഞു.

വിമാനത്താവളത്തിൽ സന്നിഹിതരായിരുന്നവരിൽ ജി. എൽ. നന്ദ, ടി. ടി കൃഷ്ണമാചാരി, മാറ്റ് കുമാരിനാറ്റ് മന്ത്രിമാർ, പാർലമെന്റ് [മെമ്പർമാർ, നയതന്ത്രപ്രതിനിധികൾ എന്നിവരുംപ്പെടുന്നു. നന്ദയും പട്ടീലും ശാസ്ത്രിയെ ആശ്ലേഷിച്ചു.

താസ്സെന്റിൽ

എല്ലാ സുപ്രധാനപ്രശ്നങ്ങളെക്കുറിച്ചും ഇന്ത്യ കൈക്കൊണ്ടിട്ടുള്ള നിലപാടിനോട് സോവ്യറ്റ് യൂണിയനും ധാരണയും സഹതാപവുമുണ്ടെന്ന് ലാൽ ബഹദൂർ ശാസ്ത്രി ഇന്ത്യയിലേക്ക് മടങ്ങുന്നതിനുമുമ്പായി സോവ്യറ്റ് പത്രലേഖകരോട് പറഞ്ഞു. സമാധാനവും സഹവർത്തിത്വവുമായിരുന്ന ചർച്ചകളുടെ കാതൽ സമാധാനപരമായ സഹവർത്തിത്വം എന്ന റഷ്യൻ നയത്തെ ഇന്ത്യ വിലമതിക്കുന്നുപോലെ തന്നെ ഇന്ത്യയുടെ പേരിലേറെനാളായുള്ള റഷ്യയും മാനിക്കുന്നു. ഈ രണ്ടു അടിസ്ഥാനനയങ്ങളും നിസ്സംശയമായും സമാധാനത്തെ ശക്തിപ്പെടുത്തും.

ഒരു രാഷ്ട്രത്തിന്റെ കാര്യങ്ങളിൽ മറ്റൊരുരാഷ്ട്രം ഇടപെടരുതെന്നും സ്വതന്ത്രമായ പ്രത്യയശാസ്ത്രങ്ങളിൽകൂടി നീങ്ങാൻ ഓരോരാഷ്ട്രത്തിനും അവകാശമുണ്ടെന്നും ശാസ്ത്രി ചൂണ്ടിക്കാട്ടി.

അതിർത്തിത്തർക്കം ഉഭയകക്ഷിപരമായി പരിഹരിക്കാൻ ഇന്ത്യ ഒരുമ്പെടുന്നു. പക്ഷേ ഒരു കക്ഷിമാത്രം വിചാരിച്ചാൽ അതു സാധ്യമല്ല. ഇരുകക്ഷികളും ഒന്നിക്കണം. എന്തുതന്നെയായാലും അതിർത്തിപ്രശ്നം സമാധാനപരമായി പരിഹരിക്കുകയും ജനങ്ങൾ തമ്മിലുള്ള സൌഹൃദം നിലനിർത്തുകയും ചെയ്യേണ്ടതു് നമ്മുടെ കടമയാണു്,

ടാസ്സ്കെന്റിൽ ലഭിച്ച ഹൃദ്യമായ സ്വീകരണത്തിൽ താൻ അതീവ സന്തുഷ്ടനാണെന്നു് ശാസ്ത്രി പറഞ്ഞു. ടാസ്കെന്റിനും ഇന്ത്യയ്ക്കും പൊതുവായ പല പ്രത്യേകതകളുമുണ്ട്. താൻ ഇന്ത്യയുടെ ഏതോ ഒരു ഭാഗത്താണെന്നു തോന്നിപ്പോകുന്നു.

നേരത്തേ ശാസ്ത്രി ഇവിടെ ഒരു നെഹ്രുമെമ്മോറിയൽ എക്സിബിഷൻ ഉൽഘാടനം ചെയ്തു. റഷ്യയും ഇന്ത്യയും തമ്മിൽ ജവഹർലാൽ നെഹ്രു സ്ഥാപിച്ച ബന്ധം ക്രമേതൽ ദൃഢപ്പെടുത്തുമെന്നു് തദവസരത്തിൽ ശാസ്ത്രി പറഞ്ഞു.

ഒക്ടോബർ വിപ്ലവത്തിനു പ്രശംസ

വൈകിട്ടു്, ഉസ്ബെക് ഗവണ്മെന്റ് നൽകിയ ഒരു വിരുന്നിൽ ശാസ്ത്രി പങ്കെടുത്തു. ഒക്ടോബർ വിപ്ലവം ലോകത്തിനു് ഒരു പുതിയ സന്ദേശം നൽകിയെന്നു് ശാസ്ത്രി പറഞ്ഞു. തൊഴിലാളികൾക്കും കർഷകർക്കും തുല്യാവകാശങ്ങളും നൽകിയതു് ഈ വിപ്ലവമാണു്. മനുഷ്യനും മനുഷ്യനും തമ്മിലുള്ള ഭീന്നതകളും അതു് നിർത്തലാക്കി. അതു് ഒരു വമ്പിച്ച പരിവർത്തനമുണ്ടാക്കി. കമ്മ്യൂ: പാർട്ടിയുടേയും ലെനിന്റേയും മാർഗ്ഗദർശകത്വത്തിലും നേതൃത്വത്തിലും ഗവണ്മെന്റിന്റെ നിയന്ത്രണം ജനങ്ങളുടെ കരങ്ങളിലെത്തി.

ഈ വിപ്ലവം സോവ്യറ്റ് യൂണിയന്റെ ചിത്രം മാറ്റിമറിച്ചു; മഹത്തായ ഈ രാജ്യത്തിന്റെ മുക്കിലും മൂലയിലും വമ്പിച്ച പരിവർത്തനമുണ്ടാക്കി.

....

ഏഷ്യൻ ക്രൈസ്തവ യുവജന കോൺഗ്രസ്

(പി ടി ഐ) ഹൈദ്രബാദ്, മേ. 20

എട്ടുദിവസത്തെ ഏഷ്യൻ ക്രിസ്ത്യൻ യൂത്തുകോൺഗ്രസ് ഇന്നിവിടെ ആരംഭിച്ചിരിക്കുന്നു. ജപ്പാൻ, സിലോൺ, പാകിസ്ഥാൻ, ട്ടാൻ എന്നിവിടങ്ങളിൽനിന്നും, ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നുമായി എഴുനൂറോളം പ്രതിനിധികളും കോൺഫറൻസിൽ പങ്കെടുക്കുന്നുണ്ട്. ....ബൈ, മലയേഷ്യ എന്നിവ ഉൾപ്പെടെ 7 ഏഷ്യൻ രാഷ്ട്രങ്ങളിൽനിന്നും പ്രതിനിധികൾ എത്തിയിട്ടുണ്ട്. സാഗതസംഘാധ്യക്ഷൻ മി. വിക്ടർ മനോഹരം പ്രതിനിധികളെ സ്വാഗതംചെയ്തു.

നോട് പ്രതിഷേധിച്ചിരിക്കുന്നു. പ്രതിഷേധകരിച്ച് മേയ് 18-ാംനു ഇവിടെയുള്ള പാക്ക് കൈക്കമ്മീഷണറെ ഏല്പിച്ചു.

....

കുട്ടനാടിന്റെ വികസനത്തിനു് ദീർഘകാല പരിപാടി

ഭക്ഷ്യമന്ത്രി സുബ്രഹ്മണ്യത്തിന്റെ പ്രസ്താവന

[പി ടി ഐ] എറണാകുളം, മേ. 20

മൂന്നുദിവസത്തെ കേരള സന്ദർശനത്തിനുശേഷം കേന്ദ്ര ഭക്ഷ്യകാര്യ മി. സി. സുബ്രഹ്മണ്യം ഇന്നു വിമാനമാർഗ്ഗം കോയമ്പത്തൂരിലേക്ക് പോയിരിക്കുന്നു.

ഉദ്ഘാടനയുള്ള ഇന്തോ-നോർവ്വീജിയൻ ഫിഷറീസ് പ്രോജക്ട് കളമശ്ശേരിയിലെ ഹിന്ദുസ്ഥാൻ മെഷീൻ ടൂൾസ് ഫാക്ടറി എന്നിവ നേരത്തെ അദ്ദേഹം സന്ദർശിക്കുകയുണ്ടായി.

അഡൈ്വസർ മി എൻ. ഇ. എസ്. രാഘവാചാരിയോടൊന്നിച്ച് മി. സുബ്രഹ്മണ്യം കേരളത്തിന്റെ നെല്ലായ കുട്ടനാടൻ പ്രദേശത്തു് ഒരു വ്യോമനിരീക്ഷണം നടത്തി. നെൽകൃഷി ഇരട്ടിപ്പിക്കുകയും വർഷത്തിൽ ഒരു ലക്ഷം ടണ്ണോളം നെല്ലുല്പാദനത്തിൽ വർദ്ധനവുണ്ടാക്കുകയും ചെയ്യത്തക്കവിധം കുട്ടനാടിന്റെ വികസനം സംബന്ധിച്ച ഒരു ദീർഘകാലപരിപാടി ഗവണ്മെന്റ് പരിഗണിച്ചുകൊണ്ടിരിക്കയാണെന്നു് മി. സുബ്രഹ്മണ്യം പത്രലേഖകരോടുപറഞ്ഞു. അമേരിക്കൻ സഹായത്തോടെ ഒരു ഇന്ത്യൻ ഫിഷറീസ് കോർപറേഷൻ അടുത്തുതന്നെ രൂപീകരിക്കുമെന്നു് പ്രതീക്ഷിക്കുന്നതായും അദ്ദേഹം പ്രസ്താവിച്ചു.

....

കപ്പൂരിനെ വീണ്ടും നിയമിക്കാൻ ഉത്തരവായി

[പി ടി ഐ] ചണ്ഡിഗർ, മേ. 20

ഒരു സീനിയർ ഐ. സി. എസ്. ഓഫീസറായ മി. ആർ. പി. കപ്പൂരിനെ വീണ്ടും ഉദ്യോഗത്തിൽ എടുത്തിരിക്കുന്നു.

കപ്പൂരിനെ വീണ്ടും നിയമിക്കുന്നതു സംബന്ധിച്ച ഉത്തരവു് കേന്ദ്രഗവണ്മെന്റിൽനിന്നും ലഭിച്ചുകഴിഞ്ഞുവെന്ന് ഒരു ഔദ്യോഗികവക്താവു് പറഞ്ഞു.

കൈരോൺ മന്ത്രിസഭയുടെ ശുപാർശയിന്മേൽ 1963 ഫെബ്രുവരിയിലാണ് പഞ്ചാബ് വിജിലൻസിലെ ഒരു മുൻ കമ്മീഷണറായ കപ്പൂരിനെ സസ്പെൻഡ് ചെയ്തതു്.

....

വെടിനിർത്തൽരേഖയിൽ വൻകിട സംഘട്ടനം

34 പാക് ഭടന്മാർ കൊല്ലപ്പെട്ടു

[പി. ടി. ഐ.] ജമ്മു മെയ് 20

ഇവിടെനിന്നും 160 മൈൽ അകലെയുള്ള മെന്ധാറിനു തെക്കു പടിഞ്ഞാറു ഭാഗത്തുവച്ചു് ഇന്ത്യൻ അതിർത്തികാവൽക്കാരും പാക് സേനകളും തമ്മിൽ ഇന്നലെ നടന്ന ഒരു വൻകിട സംഘട്ടനത്തിൽ 34 പാക് ഭടന്മാർ കൊല്ലപ്പെടുകയും മറ്റനവധിപേർക്ക് പരിക്കേൽക്കുകയും ചെയ്തുവെന്ന് ഔദ്യോഗികമായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു.

വെടിനിർത്തൽ അതിർത്തിയിലേയ്ക്കുള്ള പാക് കയ്യേറ്റം ക്ലേശകരമായ ജമ്മുകാശ്മീരിലെ ഛംബ് മേഖലയിലാണു് നടന്നതു്. ഇന്ത്യൻ ഭാഗത്തുള്ള ഉയരമേറിയ ഭാഗങ്ങളിൽ താവളമുറപ്പിക്കുന്നതിനുവേണ്ടിയാണു് പാക് സൈന്യം ഈ നീക്കം നടത്തിയതെന്നു് കരുതപ്പെടുന്നു.

ഇന്ത്യൻ ഭാഗത്തുള്ള ഉയരമേറിയ ഭാഗങ്ങൾ കൈവശപ്പെടുത്തുകയെന്നതു് പാക് സൈന്യത്തിന്റെ ഒരു പഴയ തന്ത്രമാണു്. കഴിഞ്ഞ ഏപ്രിലിൽ കച്ചിലെ റാൻ ഓഫ് കച്ചിൽ ഇതേ തന്ത്രമാണു് പാക് സൈന്യം പയറ്റിയതു്. ഇന്ത്യൻ ഭാഗത്തുള്ള ഉയരമേറിയ ഭാഗങ്ങൾ കൈവശപ്പെടുത്തുകയെന്നതു് നഷ്ടത്തിലാണു് കലാശിക്കുന്നതു്.

സംസ്ഥാനത്തു് ഉൽപ്പാദിപ്പിക്കപ്പെടുന്ന കൊപ്രയുടെ ഒരു നല്ലഭാഗം വമ്പിച്ചതോതിലുള്ള സാധ്യതകളുള്ള ബോംബേ മില്ലുകാർ കയ്യടക്കുന്നതാണു് ഇതിനുകാരണം. സിലോൺ കൊപ്രയാണെങ്കിൽ ഇറക്കുമതിയുടെ കാര്യത്തിൽ നിയന്ത്രണങ്ങളുണ്ടു്. പോരാത്തതു് വിലയും വളരെ കൂടുതലാണു്.

....

ഒപ്പോടുകൂടിയ എല്ലാ പരാതികളുടെയും അന്വേഷിക്കണം
ഗവ. പത്രക്കുറിപ്പ്

[പി. ടി. ഐ] തിരു. മേയ്, 20

ഒപ്പോടുകൂടിയ എല്ലാ പരാതികളിന്മേലും ഉടനടി നടപടികൾ സ്വീകരിക്കണമെന്നു് ബന്ധപ്പെട്ട ഓഫീസർമാർക്കു് നിർദ്ദേശം നൽകപ്പെട്ടിരിക്കുന്നു.

രാജഭവനിലും എല്ലാ കളക്ടറേറ്റുകളിലും പരാതിപ്പെട്ടികൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. ഉത്തരം പേരുമില്ലാത്തതും സബ് ജൂഡീസായതുമായ പരാതികളെപ്പറ്റി അന്വേഷിക്കേണ്ടതില്ലെന്നും പത്രക്കുറിപ്പിൽ പറയുന്നു.

ഗ്രൂപ്പുകൾ തമ്മിൽ സംഘട്ടനം
മൂന്നുപേർ മൃതിയടഞ്ഞു

(പി. ടി. ഐ)

അഹമ്മദ്ബാദ്, മേ. 20

ബറോഡയിൽനിന്നും 40 നാഴിക ദൂരെ സ്ഥിതിചെയ്യുന്ന ഗോധ്റ നഗരത്തിൽ രണ്ടു് ഗ്രൂപ്പുകൾ തമ്മിൽ നടന്ന സംഘട്ടനത്തെ തുടർന്നു് മൂന്നു മൃതദേഹങ്ങൾ കണ്ടെടുത്തിരിക്കുന്നതായി ഇന്നിവിടെ ലഭിച്ച ഔദ്യോഗിക റിപ്പോർട്ടുകളിൽ കാണുന്നു.

രണ്ടുപേർ സംഘട്ടനം മൂലമാണ് കൊല്ലപ്പെട്ടതു്. ഒരു വയസ്സു് പ്രായമുള്ള ഒരു കുട്ടിയുടെ മൃതദേഹം കണ്ടെടുത്തതു കത്തി നശിപ്പിക്കപ്പെട്ട ഒരു വീട്ടിൽനിന്നാണു്. സംഘട്ടനത്തിൽപെട്ടു് 20 പേർക്കു് പരുക്കേറ്റിട്ടുണ്ടു്. 13 പേരെ ആസ്പത്രിയിൽ പ്രവേശിപ്പിച്ചു. അവരിൽ ബാലികാബാലികാനിന്നും പോലീസുകാരും ഉൾപ്പെടുന്നു. ....ബൈ, മലയേഷ്യ എന്നിവ ഉൾപ്പെടെ 7 ഏഷ്യൻ രാഷ്ട്രങ്ങളിൽനിന്നും പ്രതിനിധികൾ എത്തിയിട്ടുണ്ടു്. സാഗതസംഘാധ്യക്ഷൻ മി. വിക്ടർ മനോഹരം പ്രതിനിധികളെ സ്വാഗതംചെയ്തു.

ഗോധ്റനഗരത്തിലെ പ്രമുഖന്മാരായ 14 പേർ ഉൾപ്പെടുന്ന ഒരു സമാധാനകമ്മറ്റിയെ രൂപീകരിച്ചിരിക്കുന്നു.

....o....

പൂർവ്വ പാക്കിസ്ഥാനിൽ ഉണ്ടായ അത്യാഹിതം
പ്രസിഡണ്ട് രാധാകൃഷ്ണന്റെ സഹതാപം

[പി ടി ഐ] ന്യൂഡൽഹി, മേ 20

മുഴലിക്കാറ്റുമൂലം പൂർവ്വപാക്കിസ്ഥാനിലുണ്ടായ മരണങ്ങളിലും നാശനഷ്ടങ്ങളിലും പ്രസിഡണ്ട് രാധാകൃഷ്ണൻ സഹതാപം പ്രകടിപ്പിച്ചിരിക്കുന്നു.

ഇതുസംബന്ധിച്ച് പ്രസിഡണ്ട് അയൂബ് ഖാന് രാഷ്ട്രപതി ഒരു സന്ദേശമയച്ചിട്ടുണ്ട്.

....o....

പ്രശ്നം സാമ്പത്തികമല്ല; സാമൂഹ്യമാണ്
(പി ടി ഐ) നൈനിറാൾ, മേ 20

പൊതുവെ കരുതുന്നതുപോലെ ഇന്ത്യയിൽ ഹരിജനങ്ങളുടെ പ്രശ്നം രാഷ്ട്രീയമൊ സാമ്പത്തികമൊ അല്ലെന്നും അതൊരു സാമൂഹ്യമാണെന്നും പിന്നോക്കജാതിക്കാര്ക്കും പട്ടികവർഗ്ഗക്കാർക്കുമായുള്ള കമ്മീഷണർ മി. എ. കെ. ചന്ദ പ്രസ്താവിച്ചിരിക്കുന്നു. ഹരിജനക്ഷേമം സംബന്ധിച്ച ഒരു ത്രിദിനസെമിനാർ ഉൽഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

....o....

5-ാം ഉരുക്കുനിർമ്മാണശാല സംബന്ധിച്ച റിപ്പോർട്ട്
ഈ മാസം ഒടുവിൽ സമർപ്പിക്കപ്പെടും

ബാംഗ്ലൂർ, മേ 20

അഞ്ചാം ഉരുക്കുനിർമ്മാണശാലയെ സംബന്ധിച്ച കൺസോർട്ടിയം റിപ്പോർട്ട് ഈ മാസാവസാനത്തിൽ ഗവണ്മെന്റിനു് സമർപ്പിക്കുമെന്നു് ഉരുക്കുഖനി മന്ത്രി മി. എൻ. സഞ്ജീവറെഡ്ഡി പത്രലേഖകരോടു് പ്രസ്താവിച്ചു. മേയ് 25-ാംനു മുതൽ താൻ റഷ്യ, ബ്രിട്ടൻ, പശ്ചിമജർമ്മനി, ഫ്രാൻസ് എന്നിവിടങ്ങളിൽ ഒരു പര്യടനം നടത്തുന്നതിനാൽ ജൂൺ 29-ാംനു യോടെ താൻ മടങ്ങിയെത്തിയശേഷം മാത്രമേ റിപ്പോർട്ടിനെപ്പറ്റി പരിഗണിക്കുകയുള്ളുവെന്നും മന്ത്രി അറിയിച്ചു.

....

ഇന്ത്യൻ പാർല്ലമെന്റേറിയന്മാർ മനിലയിൽ

[റോയിട്ടർ] മനില മെയ് 20

സ്പീക്കർ മി. കേർനേലിയാവില്ല കപീലിന്റെ ക്ഷണമനുസരിച്ച് ലോക്സഭാ സ്പീക്കർ ഹുക്കംസിംഗിന്റെ നേതൃത്വത്തിലുള്ള പാർലമെന്റ് മെമ്പർമാരടങ്ങുന്ന ഒരു ഷുഭംസംഘം ഇവിടെ എത്തിയിരിക്കുന്നു. തങ്ങളുടെ സന്ദർശനം മൂലം ഫിലിപ്പൈൻസും ഇന്ത്യയും തമ്മിൽ അടുത്ത ധാരണ വളരുമെന്നു് മി. ഹുക്കംസിംഗ് പ്രത്യാശ പ്രകടിപ്പിച്ചു.

മെയ് 29-ാം തീയതിവരെ അവർ ഇവിടെ ഉണ്ടായിരിക്കും. പിന്നീടവർ ഹോങ്കോങ്ങിലേക്കു് പോകുന്നതാണു്.

....

നേപ്പാളിനുള്ള ഇന്ത്യ�ൻ സഹായം

[പി. ടി. ഐ.] കാഠ്മണ്ഡു മേ. 20

ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനും ചെങ്കടിയ വ്യവസായവികസനത്തിനുമായി നേപ്പാളിനു് കൂടുതൽ സാമ്പത്തികസഹായങ്ങൾ നൽകുന്നതിനുള്ള സാധ്യതകളെപ്പറ്റിയും അന്വേഷിക്കുന്നതിനു് ഇന്ത്യ സമ്മതിച്ചിരിക്കുന്നു.

ഇന്ത്യയും നേപ്പാളും തമ്മിൽ നടന്ന ഉദ്യോഗസ്ഥനിലവാരത്തിലുള്ള സംഭാഷണങ്ങൾക്കുശേഷം പുറപ്പെടുവിച്ചൊരു സംയുക്ത കമ്മ്യൂണിക്കയിലാണ് ഈ വിവരം അറിയിച്ചിട്ടുള്ളതു്.

നേപ്പാളിന്റെ മൂന്നാം പഞ്ചവത്സരപദ്ധതിയുടെ അവസാനഘട്ടമാരംഭിക്കുന്നതിനുമുമ്പായി വേണ്ട സഹായങ്ങൾ നൽകുന്നതിനുള്ള സാധ്യതകളെപ്പറ്റിയാണു് പ്രധാനമായും ചർച്ചചെയ്തതു്. ഇതിനുവേണ്ടി ഒരു പ്രത്യേക ഉദ്യോഗസ്ഥസംഘം ഉടനെ കാഠ്മണ്ഡുവിലേയ്ക്കു പോകുന്നതാണു്.

....

കാനറായിലേയ്ക്ക് അരിയും ഗോതമ്പുമാവും

(പി ടി ഐ) മംഗലാപുരം മേ. 20

ക്ഷാമനില നേരിടുന്നതിനായി ദക്ഷിണ കാനറായിൽ അരി ലഭിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും കോർപൊറേഷൻ ചെയ്യുന്നുണ്ടെന്നു് ഭക്ഷ്യധാന്യ കോർപൊറേഷൻ ചെയർമൻ മി. ടി എ. പൈ ഇന്നിവിടെപ്പറഞ്ഞു.

ദക്ഷിണ കനറായിലേക്ക് 2000 ടൺ അരിയും മുന്നൂറു ടൺ ഗോതമ്പുമാവും ഉടനടി എത്തിക്കുന്നതിനുള്ള നടപടികളെടുത്തുകഴിഞ്ഞുവെന്നും അദ്ദേഹം പറഞ്ഞു.

....

കച്ചിൽ പ്രളയമുണ്ടാകാൻ പാകിസ്ഥാൻ കാത്തിരിക്കുന്നു

[പി. ടി ഐ] ബാങ്കോക്ക് മെയ് 19

അന്താരാഷ്ട്രീയ അതിർത്തിയുടെ ഇന്ത്യൻ ഭാഗത്തുള്ള ഉയരമേറിയ ഭാഗങ്ങളിൽ താവളമുറപ്പിക്കുന്നതിനുവേണ്ടിയാണു് പാകിസ്ഥാൻ പ്രധാനമായും പ്രവർത്തിച്ചുവരുന്നതെന്നു് ഇന്ത്യൻ പ്രതിനിധി മി. ജോൺഹ്രിമാൻ ഇന്നു രാത്രി കയ്റോയിലേക്കയക്കുന്ന ഇന്ത്യൻ വിദേശകാര്യ സിക്രട്ടറി, മി. രായി ഇന്ത്യാഗവണ്മെന്റ് പാകിസ്ഥാനോട് പ്രതിഷേധിച്ചിരിക്കുന്നു. പ്രതിഷേധകരിച്ച് മേയ് 18-ാംനു ഇവിടെയുള്ള പാക്ക് കൈക്കമ്മീഷണറെ ഏല്പിച്ചു.

....o....

കയ്റോയ്ക്കടുത്തു് വമ്പിച്ച വിമാനാപകടം-120 പേർകൊല്ലപ്പെട്ടു

ഉൽഘാടനപ്പറക്കൽ നടത്തിയ മരുപ്പറക്ക് വിമാനത്തിനു നേരിട്ട ദുരന്തം

മരിച്ചവരിൽ 26 പത്രപ്രവർത്തകർ

(പി. ടി. ഐ.] കൈയ്റോ മെ. 20

പാകിസ്ഥാൻ ഇന്റർ നാഷനൽ എയർലൈൻസിന്റെ ഒരു പുതിയ ഓവർസീസ് റൂട്ട് ഉൽഘാടനം ചെയ്തുകൊണ്ടു ജോലിക്കാരുൾപ്പെടെ 126 പേരേയും കയറ്റി കാറാച്ചിയിൽനിന്നും ടെഹറാൻവഴി കയ്റോയിലേയ്ക്കു പറക്കുകയായിരുന്ന ഒരു പാക് വിമാനം കയ്റോവിനു പുറം 19 മൈൽ അകലെവച്ചു് മരുപ്രദേശത്തു് തകർന്നതിന്റെ ഫലമായി 120 പേർ കൊല്ലപ്പെടുകയും 6 പേർക്ക് ഗുരുതരമായ പരിക്കേൽക്കുകയും ചെയ്തിരിക്കുന്നു.

വിമാനം കയ്റോയ്ക്കടുത്തപ്പോൾ കൺട്രോൾ സ്റ്റേഷനുമായുള്ള ബന്ധം നിലച്ചുപോയി.

യാത്രക്കാരിൽ 26 പേരടങ്ങുന്ന ഒരു പാക് പത്രപ്രവർത്തകസംഘവും ഉണ്ടായിരുന്നതായും കറാച്ചിയിൽനിന്നും ഇന്നു റിപ്പോർട്ടുചെയ്തു. പ്രസ്സ് ട്രസ്റ്റ് ഓഫ് പാകിസ്ഥാന്റെ പ്രസിഡന്റ് ജനറൽ ഹയാവുദ്ദീൻ നഗീബ് ആയിരുന്നു ഈ സംഘത്തെ നയിച്ചിരുന്നതു്. പുതിയ വിമാനസർവ്വീസിന്റെ ഉൽഘാടനം പ്രമാണിച്ച് കയ്റോവിലേക്കു പോകുകയായിരുന്നു അവർ.

അസ്സോഷ്യേറ്റഡ് പ്രസ്സ് ഓഫ് പാകിസ്ഥാന്റെ അഡ്മിനിസ്ട്രേറ്റർ മി. എ. കെ. ഖുറേഷി, സ്റ്റേറ്റ്ബാങ്ക് ഓഫ് പാകിസ്ഥാന്റെ ഡയറക്ടർ മി. ഇസ്മയിൽ എന്നിവരും വിമാനത്തിലുണ്ടായിരുന്നു.

തൊഴിലാളി

പോസ്റ്റ്ബോക്സ് 90
ടെലഫോൺ 125

1965 മെയ് 21-ാംനു വെള്ളി

സുബ്രഹ്മണ്യം വന്നു; പോയി

....o....

കേരളീയരുടെ എല്ലാം പ്രതീക്ഷകളേയും തകർത്തുകൊണ്ടു് സുബ്രഹ്മണ്യം കേരളം വിട്ടിരിക്കയാണ്. ദക്ഷിണമേഖല ഏർപ്പെടുത്തുന്ന കാര്യമോ സ്റ്റാററ്യൂട്ടറി റേഷനിംഗു നടപ്പാക്കുന്ന നാളുകളോ കേരളീയർ അടുത്തകാലത്തൊന്നും സ്വപ്നംകാണേണ്ടെന്നും പഞ്ഞമാസങ്ങളിലേക്കു് നെല്ലു് അരി കൂട്ടി തരാൻ പററുമോ എന്ന കാര്യം താൻ ഡൽഹിയിലെത്തി ആലോചിച്ചു പറയാമെന്നുമാണ് സുബ്രഹ്മണ്യത്തിനു് പറയാനുണ്ടായിരുന്നതു്. അതു തുറന്നു പറയാൻ ഒരു ഭക്ഷ്യസമ്മേളനവും കുറെ തീററ-കുടി സാധനങ്ങളും സംഘടിപ്പിച്ചു എന്നതിൽ കവിഞ്ഞു് കഴിഞ്ഞ ദിവസം തിരുവനന്തപുരത്തു വെച്ചു സുബ്രഹ്മണ്യത്തിൻെറ നേതൃത്വത്തിൽ ചേർന്ന ആ സമ്മേളനത്തിനു് ഞങ്ങൾ ഒരു പ്രാധാന്യവും കാണുന്നില്ല.

ദ. മേഖല ഏർപ്പെടുത്തിയാൽ പുറം സ്റ്റേററുകളിൽനിന്നു് അരി മുഴുവൻ കേരളത്തിലെ കുത്തകകച്ചവടക്കാർ കടത്തിക്കൊണ്ടുവന്നു് പൂഴ്ത്തിവെക്കുമെന്നും അതിൻെറ ഫലം ഭീക്ഷ്ണമായ ക്ഷാമം ക്ഷണിച്ചുവരുത്തലായിരിക്കുമെന്നുമാണ് സുബ്രഹ്മണ്യം പറഞ്ഞതു്. സ്റ്റാററ്യൂട്ടറി റേഷനിംഗ് എന്ന ആശയം നല്ലതാണെങ്കിലും അതു് നടപ്പാക്കിയാൽ വലിയ കൃഷിക്കാരുടെ മിച്ചനെല്ലു് സർക്കാർ ഏറെറടുക്കേണ്ടിവരുമെന്നതാണത്രെ ആ രംഗത്തുള്ള വിഷമം. ഈ രണ്ടു വിഷമങ്ങളും ഒഴിവാക്കുന്നതിനു് ഈ രാജ്യത്തെ ജനങ്ങൾ പട്ടിണികിടക്കയാണു് നല്ലതെന്നു സുബ്രഹ്മണ്യം മനസ്സിലാക്കിയിരിക്കുന്നു.

സുബ്രഹ്മണ്യത്തിൻെറ പ്രസ്താവന വായിക്കുന്ന ഏതൊരാൾക്കും സർക്കാരിൻെറ ബലഹീനത മനസ്സിലാക്കാൻ കഴിയും. ദക്ഷിണമേഖല അനുവദിച്ചാൽ പൂഴ്ത്തിവെപ്പുകാരായ കച്ചവടക്കാരെ വിലങ്ങുവെയ്ക്കാൻ സർക്കാരിനു സാദ്ധ്യമല്ല. സ്റ്റാററ്യൂട്ടറി റേഷനിംഗ് ഏർപ്പെടുത്തിയാൽ മിച്ചനെല്ലു് വിലകൊടുത്തു് വിലയ്ക്കെടുക്കേണ്ടിവരുന്ന പൂഴ്ത്തിവെപ്പുകാരായ കൃഷിക്കാരെ നേരിട്ടുനോക്കിക്കാണാനുള്ള കരുത്തും സർക്കാരിനില്ല. പിന്നെ എന്താണൊരു പോംവഴി. പരമ്പരാഗതമായി പട്ടിണികിടന്നു പഠിച്ചിട്ടുള്ള ഈ നാട്ടിലെ പാവങ്ങളെ പട്ടിണിക്കിടുക തന്നെ. അതു് എന്നും കണ്ടു് ശീലിച്ചിട്ടുള്ള സർക്കാരിനു് അതിൽ മനക്കുട്ടിയൊന്നുമില്ലതാനും.

കേരളത്തിൽ സ്റ്റാററ്യൂട്ടറി റേഷനിംഗ് നടപ്പാക്കാൻ വിമ്മിട്ടപ്പെടുന്ന സുബ്രഹ്മണ്യത്തിനു് ബംഗാളിൽ അതെന്തുകൊണ്ടു് നടപ്പാക്കാൻ വിഷമമുണ്ടായില്ലാ എന്നതു് ഇവിടത്തെ ജനങ്ങൾക്കറിയേണ്ടതു്. അതിനുത്തരം പറയാൻ സുബ്രഹ്മണ്യം മിനക്കെട്ടുമില്ല.

എന്നാൽ കേരളത്തിലെ ഭക്ഷ്യക്ഷാമം സുബ്രഹ്മണ്യത്തിൻെറകൂടി ആവശ്യമാണ്. സുബ്രഹ്മണ്യം ഇന്നു് കേന്ദ്രഭക്ഷ്യമന്ത്രിയാണ്. അദ്ദേഹത്തെ പാർലമെൻറിനകത്തു എത്തിവിട്ടതു് തമിഴ്-ആന്ധ്രാ സംസ്ഥാനങ്ങളിലെയും മിൽമുതലാളിമാരാണ്. അവരോടു് കുറെ കൂറ് ഉള്ളതെല്ലാം സുബ്രഹ്മണ്യത്തിനുണ്ടുതാനും.

ദക്ഷിണമേഖല രൂപീകരിക്കപ്പെട്ടാൽ പാലക്കാട്ടു് ചുരം കടന്നു അരിച്ചാക്കുകൾ കേരളത്തിലേക്കൊഴുകും. അരിച്ചാക്കുകൾ പൂഴ്ത്തിവെച്ചു് പിൻവാതിലിലൂടെ ഊതിവീർപ്പിച്ച വിലക്കു് 'താഴ്ത്തിവില്ലു' കൊടുക്കുന്ന മിൽ മുതലാളിമാരുടെ അരി താഴ്ന്നവിലയ്ക്കുകൊടുക്കാൻ മുതിന്നില്ലെങ്കിൽ അറയിലിരുന്നു് നശിക്കും. പൂഴ്ത്തിവെപ്പുകാരുടെ വെട്ടിപ്പു് കമ്പനി പൂട്ടിപ്പോകും.

അങ്ങിനെ ഒരു സ്ഥിതിവിശേഷം വന്നാൽ അതിലെ പ്രധാന കഥാനായകൻ സുബ്രഹ്മണ്യമായിരിക്കുന്നടത്തോളംകാലം അതദ്ദേഹത്തിൻെറ ഭാവിക്കു് അത്ര നല്ലതല്ല. അക്കാര്യം സുബ്രഹ്മണ്യത്തിനു നന്നായറിയാം

സുബ്രഹ്മണ്യം ചെറുപ്പമാണ്. ...ത്തിലെ പേരെടുത്ത ഒരു ...യുമാണ്. നാളെയുടെ മററു ... അദ്ദേഹം നിരവധി പ്രതീക്ഷ ... നട്ടുവളർത്തുന്നുണ്ട്. നാലാം ... കാരനായ കാമരാജൻ കോൺ. പ്രസിഡണ്ടായിരിക്കുന്ന ഈ രാജ്യത്തു് സുബ്രഹ്മണ്യം പലതും പ്രതീക്ഷിക്കുന്നതിലും പന്തികേടില്ല. ആ പ്രതീക്ഷകളെ അടിനിരക്കുന്ന ഒരു സംഭവമായിരിക്കും തമിഴ്-ആന്ധ്രാ മിൽ മുതലാളിമാരെ തൊട്ടാലെന്നും സുബ്രഹ്മണ്യം ആലോചിച്ചുറച്ചിട്ടുണ്ട്.

അതിൻെറ അടിസ്ഥാനത്തിൽ താൻ നേരത്തെ എടുത്തതും ഒരു കാലത്തും മാററം വരുത്തില്ലെന്നു പ്രതിജ്ഞ ചെയ്തതുമായ ഒരു കാര്യം ഇന്നലെ ഇവിടെ വെച്ചു തുറന്നുപറയാൻ മാത്രമായിരുന്നു തിരുവനന്തപുരത്തു സമ്മേളനം വിളിച്ചുകൂട്ടിയതും ഗഹനമായ ചർച്ചകൾ നടത്തിയതുമെല്ലാമെന്ന വാസ്തവം ആർക്കാണറിഞ്ഞുകൂടാത്തതു്.

പക്ഷെ സുബ്രഹ്മണ്യത്തിൻെറ ഒളിച്ചുകളിക്കുവേണ്ടി കേരളീയർ പട്ടിണികിടക്കേണ്ടിവരിക എന്നതു് നീതീകരിക്കത്തക്കതല്ല. ഏതാനും കോൺ. പ്രധാനികൾക്കു് ജന്മിപ്പടയുടെ പച്ചനോട്ടുകളുടെ പിൻബലത്തോടെ പാർലമെൻറു് കാണാൻവേണ്ടി ഈ രാജ്യത്തെ ജനങ്ങൾ നശിക്കണമെന്നുവരുന്നതു് നീതീകരിക്കത്തക്കതുമല്ല. ഏതാനും വലിയവന്മാർക്കുവേണ്ടി ഒരു രാജ്യത്തെ മുഴുവൻ ജനങ്ങളും പട്ടിണികിടക്കേണ്ടിവരികയാണെങ്കിൽ ജനാധിപത്യത്തിനു് പിന്നെ ഇവിടെ എന്തർത്ഥമുണ്ട് എന്നു് ചോദിക്കാൻ തോന്നിപ്പോകുന്നു

നാളെയ്ക്കു് കുഴപ്പങ്ങളുടെ വിത്തു പാകിയിട്ടാണ് സുബ്രഹ്മണ്യം കേരളം വിട്ടതു്. ഇവിടെ ക്ഷാമം പെരുകാനുള്ള എല്ലാ സാദ്ധ്യതകളും ജനങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. ഇന്നു പുറത്തു കാണുന്ന അരിച്ചാക്കുകൾ കൂടി നാളെ പത്തായങ്ങളിൽ പൂട്ടപ്പെടും. അപ്പോഴെയ്ക്കും ഇടവപ്പാതിയുടെ തേർവാഴ്ച തുടങ്ങും. പെട്ടെന്നു് ഡെൽഹിയിൽനിന്നു് സുബ്രഹ്മണ്യത്തിൻെറ മറെറാരു പ്രസ്താവന കേൾക്കാം, ഇന്നത്തെ നിലക്കു് പഞ്ഞമാസങ്ങളിൽ കൂടുതൽ അരി തരാൻ കേന്ദ്രത്തിനു സാദ്ധ്യമല്ല ഇതൊക്കെ നാളെ കാണാൻപോകുന്ന പൂരങ്ങളാണ്.

മുതലാളിത്തത്തിനുവേണ്ടി മനസ്സാക്ഷി പണയംവെച്ച സർക്കാരിനോടു് ഈ വിഷയത്തിൽ ഇനി ഞങ്ങൾക്കു് ഒന്നും സംസാരിക്കാനില്ല. ഞങ്ങൾക്കു് പറയാനുള്ളതു് വയറൊട്ടി നെടുവീർപ്പിട്ടുനില്ക്കുന്ന ഈ രാജ്യത്തെ ജനങ്ങളോടാണ്. കോൺഗ്രസ്സിനെ ഈ രാജ്യത്തു് തറപററിച്ചതിൻെറ പേരിൽ നാം പട്ടിണികിടക്കുന്നു; കാമരാജൻെറ പ്രതികാരം പോക്കാൻ ഈ രാജ്യത്തെ ജനങ്ങൾ പട്ടിണികിടക്കുന്നു; സുബ്രഹ്മണ്യത്തിൻെറ മുതലാളിമാർക്കു് സമ്പാദിക്കാൻ ഈ രാജ്യത്തെ ജനങ്ങൾ പട്ടിണികിടക്കുന്നു. സർവ്വോപരി ഈ രാജ്യത്തെ ഒരുപിടി വമ്പന്മാർക്കുവേണ്ടി നാം പട്ടിണികിടക്കുന്നു. ബ്രിട്ടീഷ് മേധാവിത്വത്തിൻെറ പീരങ്കികൾ വലിച്ചെറിഞ്ഞ ജനത, വിമോചനസമരത്തിൻെറ മുൻപിൽ ഉറച്ചുനിന്നു് ഒരു സർക്കാരിനെ കൊമ്പുകുത്തിച്ച ജനത, ജനാധിപത്യത്തിൻെറ പരിശുദ്ധിക്കുവേണ്ടി ആത്മാർപ്പണം ചെയ്തവരുടെ പിൻഗാമികളായ ജനത

ഉണ്ണാനും ഉടുക്കാനുംവേണ്ടി തീയുണ്ടകളുടെ മുമ്പിൽ പിടഞ്ഞുമരിച്ച ആത്മാവുകൾ നമ്മെ സമരരംഗത്തേയ്ക്കു് വിളിക്കുന്നു. അഴിമതിക്കാർക്കും ധിക്കാരികൾക്കുമെതിരെ പോരാടിപ്പോന്ന ജനതയുടെ വികാരം നമ്മോടൊപ്പമുണ്ട്. നമുക്കു് ഒന്നിച്ചു മുന്നോട്ടുനീങ്ങാം. പണിയെടുത്തു് പട്ടിണികിടക്കുന്നതിനേക്കാൾ അഭിമാനകരം ഇനിയുള്ളവർക്കു് പട്ടിണിയില്ലാതെ ജീവിക്കാൻ മരിക്കുകയാണ്.

....o....

കരിഞ്ചന്തയിൽ മായം

കണ്ണൂർ, മെ. 19

കരിഞ്ചന്തവിലക്കു മണ്ണെണ്ണ വാങ്ങി കൂടുതൽ കരിഞ്ചന്തക്കുവില്ക്കുന്നതു് തൊഴിലാക്കിയ എടക്കാട്ടുകാരനായ ഒരാൾക്കു താൻ വാങ്ങിയ ടിന്നിൽ മുക്കാൽഭാഗവും പച്ചവെള്ളമാണെന്നു മനസ്സിലായ സംഭവം നടക്കുകയുണ്ടായി. കഴിഞ്ഞ ബുധനാഴ്ച ടൌണിൽകൂടി ഒരാൾ 4 ടിന്നു മണ്ണെണ്ണയും കൊണ്ടുപോകുകയായിരുന്നു ബസ്സ്സ്റ്റാൻറിൽ എടക്കാട്ടെ കച്ചവടക്കാരൻ ഇയാളെകണ്ടു 15കുക്കു് ഒരുടിന്നു മണ്ണെണ്ണ വാങ്ങി. സ്വന്തം നാട്ടിൽ തിരിച്ചെത്തി വൽപ്പനയാരംഭിച്ചപ്പോഴാണ ടിന്നിൽമേലെയുള്ള 2 കുപ്പി മണ്ണെണ്ണ കഴിച്ചുബാക്കിയുള്ളതു് പച്ചവെള്ളമാണെന്നു മനസ്സിലായതു് എപ്പോഴും മണ്ണെണ്ണ പച്ചവെള്ളത്തിനുമീതെയാണുണ്ടാവുക

....

പൂർവ്വപാക്കിസ്ഥാനിൽ മരിച്ചവർ 13376-ആയി

(പി ടി ഐ) ന്യൂഡൽഹി മേ. 20

ചുഴലിക്കാററിൽ മൃതിയടഞ്ഞവരുടേയും കാണാതായവരുടേയും എണ്ണം 13367 ആയി ഉയർന്നുവെന്നു് പൂർവ്വപാക്കിസ്ഥാൻ ഗവർണ്ണർ മി. അബ്ദുൾമോനെംഖാൻ ധാക്കയിൽ പ്രസ്താവിച്ചതായി പാക്കിസ്ഥാൻ റേഡിയോ പ്രക്ഷേപണംചെയ്തിരിക്കുന്നു. 22000-ഓളം കന്നുകാലികളും നശിച്ചിട്ടുണ്ട്.

രാഷ്ട്രതന്ത്രജ്ഞന്മാരും ശാസ്ത്രവും

(കെ. വി. എസ്. മേനോൻ)

എൻെറ ചെറുപ്പകാലത്തു് സ്പെഷ്യലൈസേഷൻ വളരെ നേരത്തെ ആരംഭിച്ചിരുന്നു. നാലാം ഫോറത്തിൽ വെച്ചു തന്നെ എനിക്കു് എ. ബി. സി. ഗ്രൂപ്പുകളിൽ [കണക്കു്, ശാസ്ത്രം, ചരിത്രം] ഏതെങ്കിലുമൊന്നു് തിരഞ്ഞെടുക്കേണ്ടിവന്നു. വിദ്യാർത്ഥികളിൽ ഭൂരിഭാഗവും ചരിത്രമെടുക്കാനാണ് ആഗ്രഹിച്ചതു്. ഇപ്പോൾ പ്രവണത നേരെമറിച്ചാണെന്നു് ഞാൻ മനസ്സിലാക്കുന്നു. കണക്കിനും ശാസ്ത്രത്തിനും വലിയ പിടിവലിയാണ്. ചരിത്രവും സാഹിത്യവും പഠിക്കാൻ വളരെകുറച്ചുപേരേ ആഗ്രഹിക്കുന്നുള്ളൂ.

ശാസ്ത്രവും തൊഴിലില്ലായ്മയും

ശാസ്ത്രം എടുക്കുന്നവരെല്ലാം അതിനോടുള്ള ആഭിമുഖ്യം കൊണ്ടല്ല അങ്ങനെ ചെയ്യുന്നതു്. വ്യവസായവൽക്കരണത്തിൻെറ ഇക്കാലത്തു്, കണക്കിലോ ശാസ്ത്രത്തിലോ ബിരുദമെടുത്താൽ, ചരിത്രത്തിലോ സാഹിത്യത്തിലോ ബിരുദമെടുക്കുന്നതിനേക്കാൾ എളുപ്പമുണ്ടു് ജോലി കിട്ടാനെന്നു് മിക്കവരും കരുതുന്നു. ആർക്കവരെ കുററപ്പെടുത്താൻ സാധിക്കും? അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ, കേരളത്തിൽ പ്രത്യേകിച്ചും, ഒരു അഭിശാപമായി തുടരുന്നു. സംസ്ഥാനത്തിൻെറ രാഷ്ട്രീയമായ അസ്ഥിരതയുടെ കാരണങ്ങളിൽ ഒന്നുതന്നെ അതാണ്.

ശാസ്ത്രത്തിനു് ഇപ്പോഴുള്ള പ്രിയംവെച്ചു നോക്കിയാൽ, ഭാവിയിൽ നമ്മുടെ രാഷ്ട്രതന്ത്രജ്ഞന്മാർ, എൻെറ തലമുറയിലെ ചിലരെപ്പോലെ, അതേപ്പററി തീരെ അജ്ഞരായിരിക്കുമെന്ന അപകടം ഉണ്ടാകാനിടയില്ല. എന്നാൽ സ്കൂളിലോ കോളേജിലോ ശാസ്ത്രം പഠിക്കുന്നതും ശാസ്ത്രത്തിലെ ഏററവും പുതിയ സംഭവവികാസങ്ങൾ മനസ്സിലാക്കിക്കൊണ്ടിരിക്കുന്നതും വ്യത്യസ്തമത്രേ. എ. ഐ. ആർ. ഉന്നയിച്ചിട്ടുള്ള ചോദ്യം, ശാസ്ത്രവും സാങ്കേതികശാസ്ത്രവും ഉൾപ്പെട്ട സങ്കീർണ്ണമായ തീരുമാനങ്ങൾ കൈക്കൊള്ളാൻ രാഷ്ട്രതന്ത്രജ്ഞനു് വേണ്ടത്ര പ്രാപ്തിയുണ്ടോ എന്നതാണ്.

അഭിപ്രായവ്യത്യാസം

മനുഷ്യൻെറ ക്ഷേമത്തെ മാത്രമല്ല, മനുഷ്യവർഗ്ഗത്തിൻെറ ഭാവിയെത്തന്നെ ബാധിക്കുന്ന തീരുമാനങ്ങൾ എടുക്കാൻ ശാസ്ത്രജ്ഞനുപ്രാപ്തിയുണ്ടോ എന്നു് രാഷ്ട്രതന്ത്രജ്ഞൻ തിരിച്ചടിച്ചേയ്ക്കാം. ശാസ്ത്രീയകാര്യങ്ങളിൽ തന്നെ തികച്ചും നിസ്സംഗമായ ഉപദേശം അയാൾ നൽകുമെന്നു് ഉറപ്പിക്കാമോ? അണുബോംബു പ്രയോഗത്തിൻെറ ഫലങ്ങൾപോലെ ജീവൽ പ്രധാനമായ കാര്യങ്ങളിൽ വിധി കല്പിക്കുന്നതിൽ ഏററവും പ്രഗത്ഭരായ ശാസ്ത്രജ്ഞന്മാർക്കുപോലും അഭിപ്രായഭിന്നതയുണ്ടാകാമെന്നു കാണാൻ ഡോ: ടെല്ലറും പ്രൊഫസർ ഓപ്പൻഹീമറും തമ്മിലുണ്ടായ തർക്കം ഓർമ്മിച്ചാൽ മതി. ശാസ്ത്രജ്ഞനും മനുഷ്യനാണ്. മനുഷ്യസഹജമായ പക്ഷപാതങ്ങളിൽനിന്നു് തീരെ വിമുക്തനാകും അയാളെന്നു പ്രതീക്ഷിച്ചുകൂടാ. കൊറിയയിൽ അമേരിക്ക രോഗാണുയുദ്ധം നടത്തിയെന്നു 1952 ൽ ചൈന വെറുതേ ആരോപണമുന്നയിച്ചപ്പോൾ വലതുപക്ഷ ചായ്‌വുള്ള ചില പ്രശസ്ത ശാസ്ത്രജ്ഞന്മാർ പേരു് എടുത്തു പറയുന്നില്ല അതേതാളം പാടിയതു് സ്മരണീയമാണ്.

വിദഗ്ദ്ധന്മാരുടെ അപ്രമാദിത്വത്തിൽ ആരോഗ്യകരമായ സംശയമാണ് നമ്മുടെ പാർലമെൻററി സമ്പ്രദായത്തിൻെറ അടിസ്ഥാനം. പ്രസിദ്ധനായ ഒരു ജഡ്ജി കോടതികളിലെ സാക്ഷികളെ മൂന്നായി തരം തിരിക്കുകയുണ്ടായി-നുണയന്മാർ, നിന്ദ്യരായ നുണയന്മാർ, വിദഗ്ദ്ധന്മാർ. ധനതത്വശാസ്ത്രത്തിലും ഇങ്ങനെയൊന്നു പറയാവുന്നതു്- നുണകൾ, നിന്ദ്യമായ നുണകൾ, സ്ഥിതിവിവരക്കണക്കുകൾ. ഒരു പക്ഷേ ഇത്തരം പ്രസ്താവനകൾ, സാധാരണക്കാരൻെറ അജ്ഞതയും വിദഗ്ദ്ധന്മാരോടുള്ള അസൂയയുമാകാം പ്രതിഫലിപ്പിക്കുന്നതു്.

അമച്വർഭരണം

അതെന്തായാലും, ഗ്രേററ്ബ്രിട്ടനിൽനിന്നു പൈതൃകമായി നമുക്കു കിട്ടിയിട്ടുള്ള രാഷ്ട്രീയ സമ്പ്രദായം, പ്രൊഫഷണൽമാരുടേതിൽനിന്നു വ്യത്യസ്തമായി, അമച്വർമാരുടെ ഭരണമാണ് വിഭാവനം ചെയ്യുന്നതു്. ധനകാര്യമന്ത്രി പാമർസ്റ്റൺ പ്രഭുവിൻെറ പ്രഥമബജററ് അദ്ദേഹത്തിൻെറ സാമ്പത്തിക വിദഗ്ദ്ധന്മാർ തയ്യാറാക്കി സമർപ്പിച്ചപ്പോൾ ഏതാനും ദശാംശചിഹ്നങ്ങൾ കണ്ടു് അദ്ദേഹം ചോദിച്ചത്രേ: "എന്താണീനശിച്ച കുത്തുകളുടെ അർത്ഥം?

നേരെമറിച്ചു് സോവിയേററ് യൂണിയനിൽ മന്ത്രിമാർ സാധാരണ അതാതു മണ്ഡലങ്ങളിൽ വിദഗ്ദ്ധരാണ്. ഉദാഹരണമായി ഞാൻ മോസ്ക്കോയിലുള്ളപ്പോൾ, റെയിൽവേ ഗാർഡായി സേവനമാരംഭിച്ചു് ക്രമത്തിൽ മേൽത്തട്ടിലെത്തിയ ഒരാളായിരുന്നു റെയിൽവേമന്ത്രി. റെയിൽവേയെക്കുറിച്ചു അദ്ദേഹത്തിനു് അറിയാത്ത യാതൊന്നും അറിയപ്പെടേണ്ടതല്ല. പക്ഷേ റഷ്യയിൽ മന്ത്രിമാർ വകുപ്പുതലവന്മാർ മാത്രമാണ്. നയസംബന്ധമായി പ്രധാനപ്പെട്ട എല്ലാ തീരുമാനങ്ങളും പാർട്ടിയുടെ പ്രസിഡിയം എടുക്കുന്നു. നമ്മുടെ സമ്പ്രദായത്തിൽ, വകുപ്പുമേധാവിക്കു് അറിവുണ്ടായിരിക്കണം, മന്ത്രിക്കു് ബുദ്ധിയും ഈ രണ്ടു ഗുണങ്ങളും തികച്ചും കററപ്പെട്ടതാണെന്നല്ല പറയുന്നതു്. എങ്കിലും അവയ്ക്കു തമ്മിൽ വ്യത്യാസമുണ്ട്.

കഴിവും പ്രവൃത്തിയും

ഇന്ത്യാ അണുബോംബുണ്ടാക്കണം വേണ്ടയോ എന്നതിനെപ്പററി ഈയിടെ നടന്ന വിവാദം, ശാസ്ത്രജ്ഞൻേറയും രാഷ്ട്രതന്ത്രജ്ഞൻേറയും പങ്കുകൾ എന്തായിരിക്കണമെന്നതിൽ വളരെ വെളിച്ചം വിതറുന്നുണ്ട്. ചൈന അണുബോംബു പൊട്ടിച്ചതിനെത്തുടർന്നാണ് ഈ വിവാദമുടലെടുത്തതു്. ഇന്ത്യൻ ശാസ്ത്രരംഗത്തിനു് ഡോ: ഭാഭ ചെയ്തിട്ടുള്ള സംഭാവന എത്ര ഊന്നിപ്പറഞ്ഞാലും അധികമാവില്ല. ഇന്ത്യയ്ക്കു് അണുബോംബുണ്ടാക്കാൻ കഴിയുമെന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. തികച്ചും ശരിയായ മട്ടിൽ, അദ്ദേഹമതവിടെ നിർത്തി. കഴിവും പ്രവൃത്തിയും തമ്മിൽ യാതൊരു വ്യത്യാസവും കാണാത്ത ചിലരുണ്ട്. ഇന്ത്യയ്ക്കു് അണുബോംബുണ്ടാക്കാൻ കഴിയുമെങ്കിൽ എന്തുകൊണ്ടങ്ങനെ ചെയ്തുകൂടാ എന്നു് അവർക്കു മനസ്സിലാകുന്നില്ല. പക്ഷേ, കഴിയുന്നതെല്ലാം, ആഗ്രഹിക്കുന്നതെല്ലാം, ചെയ്തുതുടങ്ങിയാൽ ജയിലിൽ അഥവാ ഭ്രാന്താശുപത്രിയിൽ എത്താൻ അധികനേരം വേണ്ടിവരില്ല. ഇതുപോലെതന്നെ, ഒരു രാഷ്ട്രം അതിനു കഴിയുന്നതെല്ലാം ചെയ്യാനാരംഭിച്ചാൽ, ദേശീയ പാപ്പരത്തമോ യുദ്ധമോ ആയിരിക്കും ഫലം. ഇന്ത്യ അണുബോംബുണ്ടാക്കണോ എന്ന തീരുമാനം രാഷ്ട്രീയവും സൈനികവും സാമ്പത്തികവും, എന്തിനു് ആത്മീയംപോലുമായ അനേകം പരിഗണനകൾ തൂക്കിനോക്കി എടുക്കേണ്ടതാണ്. ഇതു് ശാസ്ത്രജ്ഞൻെറ സീമയ്ക്കപ്പുറമാണെന്ന കാര്യം വ്യക്തമാണല്ലോ.

ഇടപെടൽ പാടില്ല

ശാസ്ത്രജ്ഞൻ രാഷ്ട്രതന്ത്രജ്ഞൻെറ മണ്ഡലത്തിൽ അതിക്രമിച്ചു കടക്കരുതെങ്കിൽ രാഷ്ട്രതന്ത്രജ്ഞൻ ശാസ്ത്രജ്ഞൻെറ മേഖലയിലും ഇടപെടരുതു്. ശാസ്ത്രത്തിൽ രാഷ്ട്രീയത്തിൻെറ ഇടപെടലിനു ഏററവും വലിയ ഉദാഹരണങ്ങൾ സ്റ്റാലിൻെറ കാലത്തു് റഷ്യയിലാണുണ്ടായതു്. രാഷ്ട്രീയകാര്യങ്ങളിൽ മാത്രമല്ല, സൈനികതന്ത്രത്തിലും പ്രത്യയശാസ്ത്രപരമായ പ്രശ്നങ്ങളിലും ശാസ്ത്രീയ പ്രശ്നങ്ങളിൽപോലും അവസാനവാക്കു് തൻേറതാണെന്നു് സ്റ്റാലിൻ അവകാശപ്പെട്ടു. അദ്ദേഹത്തിൻെറ ചാപല്യങ്ങൾക്കും തോന്നിയവാസങ്ങൾക്കും അനുസരിച്ചു് പ്രൊഫസർ ലൈസങ്കോവിനെപ്പോലെ ചില ശാസ്ത്രജ്ഞന്മാർ അഥവാ വ്യാജശാസ്ത്രജ്ഞന്മാർ വലുതാകുകയും ചെയ്തു. മി. ക്രൂഷ്ച്ചേവ് അധികാരത്തിൽ വന്നയുടനെ ഈ പ്രവണത മാററുകയുണ്ടായി. അദ്ദേഹത്തിൻെറ പിൻഗാമികൾ ഇതു തുടരുന്നതു് നല്ല കാര്യംതന്നെ.

എന്നാൽ ഒരു ഗവണ്മെണ്ടും ശാസ്ത്രജ്ഞന്മാരോടു് വെറും നിഷ്പക്ഷമനോഭാവം കാണിച്ചു സംതൃപ്തമായിരുന്നുകൂടാ. കഴിയുന്ന തരത്തിലെല്ലാം ശാസ്ത്രം അഭിവൃദ്ധിപ്പെടുത്തേണ്ടതു് ഗവണ്മെണ്ടിൻെറ കടമയാണ്. സ്വന്തം താല്പര്യങ്ങളോർത്തുതന്നെ ഗവണ്മെണ്ടു് ശാസ്ത്രജ്ഞന്മാരുടെ പദവി കണ്ണിലെ കൃഷ്ണമണിപോലെ പരിരക്ഷിക്കണം. സോവിയററ് യൂണിയനിൽ ഇത്രയധികം ബഹുമാന്യമായ പദവി, ശമ്പളവും മററ സൌകര്യങ്ങളും പറയാനുമില്ല, അനുഭവിക്കുന്ന തൊഴിൽ വേറെയില്ല. ബാലറിന മാത്രമാണ് ശാസ്ത്രജ്ഞൻെറ എതിരാളിയെന്നു പറയാം.

ശാസ്ത്രീയ മനോഭാവം

രാഷ്ട്രതന്ത്രജ്ഞനും ശാസ്ത്രജ്ഞനും സമൂഹത്തിൻെറ വികസനത്തിൽ, പരസ്പരം അനുപൂരകമമെങ്കിലും വ്യത്യസ്തമായ പങ്കുകളാണ് വഹിക്കാനുള്ളതെന്നു് ഇതുവരെ പറഞ്ഞതിൽനിന്നു് മനസ്സിലായിരിക്കുമല്ലോ. ശാസ്ത്രീയ സ്വഭാവത്തിനു് ദോഷം വരുത്താതെ ശാസ്ത്രജ്ഞനു് രാഷ്ട്രതന്ത്രജ്ഞനാകാൻ കഴിയുകയില്ല. രാഷ്ട്രതന്ത്രജ്ഞൻ ശാസ്ത്രജ്ഞൻെറ മേലങ്കി അണിയേണ്ട ആവശ്യമില്ല. എന്നാൽ, ശാസ്ത്രവിദ്യാർത്ഥിയാണെങ്കിലും അല്ലെങ്കിലും, രാഷ്ട്രതന്ത്രജ്ഞനു് ശാസ്ത്രീയ മനോഭാവം ഉണ്ടായിരിക്കേണ്ടതു് അത്യന്താപേക്ഷിതമാണ്. സ്വതന്ത്രമായ അന്വേഷണത്തിനുള്ള ത്വര, തുറന്ന മനസ്സ്, നിസ്സംഗത എന്നിവയാണ് മറെറാരു തരത്തിൽ ബുദ്ധിപരമായ ആർജ്ജവത്തിൻെറയും മാനസികമായ പ്രശാന്തതയുടെയും സംയോജനമാണ് ഞാൻ ഈ വാക്കുകൊണ്ടു് അർത്ഥമാക്കുന്നതു്.

മററ പലതിലുമെന്നപോലെ ഇക്കാര്യത്തിലും നമുക്കു് ജവഹർലാൽ നെഹറുവിനേക്കാൾ നല്ലൊരു മാതൃക ചൂണ്ടിക്കാണിക്കാനാവില്ല. ശാസ്ത്രീയ മനോഭാവം അദ്ദേഹത്തിൻെറ സവിശേഷതയായിരുന്നു. ശാസ്ത്രീയ മനോഭാവം മാത്രമല്ല, കവിയുടെയും കലാകാരൻെറയും പ്രകൃതിയുടെയും കർത്തവ്യപരായണത്തിൻെറയും ഗീതയുടെയും രണ്ടാം അദ്ധ്യായത്തിൽ ശ്രീ കൃഷ്ണൻ അർജ്ജുനനോടുനിർദ്ദേശിച്ചതുപോലുള്ള തത്വജ്ഞാനിയുടെയും മനോഭാവം അദ്ദേഹത്തിനുണ്ടായിരുന്നു. ഇത്തരം ഉത്തമമാളുകൾ ഒരു ശതാബ്ദത്തിലൊരിക്കലോ അനേകം ശതാബ്ദങ്ങൾ കൂടുമ്പോഴോ മാത്രമേ ഉടലെടുക്കാറുള്ളൂ. സ്വാതന്ത്ര്യം നേടുന്നതിൽ മാത്രമല്ല അതുറപ്പിക്കുന്നതിലും നമ്മെ നയിക്കാനും നമുക്കു മാർഗ്ഗദർശനം നൽകാനും കഴിഞ്ഞ ശതാബ്ദത്തിൻെറ അവസാനം ഇന്ത്യയിൽ അങ്ങിനെയൊരാൾ ജനിച്ചതു് ഭാഗ്യമായി. അദ്ദേഹത്തിൻെറ ഓർമ്മ പ്രിയപ്പെട്ടതായി കരുതുകയും അതിൽനിന്നു് നിരന്തരം പ്രചോദനം ഉൾക്കൊള്ളുകയുമാണ് രാഷ്ട്രതന്ത്രജ്ഞന്മാർക്കെന്നപോലെ ശാസ്ത്രജ്ഞന്മാർക്കും ചെയ്യാവുന്ന ഏററവും വലിയ സേവനം.

പണിമുടക്കു് പൊളിക്കാനൊരു സൂത്രം

ന്യൂഡൽഹി-കുമാരി മോഹിന്ദർകൗർ എന്നൊരു യുവതിയെ ബലമായി ഒരു ഓട്ടോറിക്ഷയിൽ കയററിക്കൊണ്ടുപോകുവാൻ ശ്രമിക്കുകയും അപമാനിക്കുകയും ചെയ്തുവെന്ന കേസ്സിൽ പ്രതിയായ വിശ്വനാഥനെ വെറുതെ വിട്ടുകൊണ്ടു് സ്ഥലം സെഷൻസ് കോടതിയിൽനിന്നും വിധി പ്രസ്താവിച്ചിരിക്കുന്നു. കീഴ്ക്കോടതിയിൽനിന്നും ഒരു കൊല്ലത്തെ കഠിനതടവിനു ശിക്ഷിച്ചുകൊണ്ടുണ്ടായ വിധിയെ തുടർന്നാണ് പ്രതിയായ വിശ്വനാഥൻ സെഷൻസിൽ അപ്പീൽ ബോധിപ്പിച്ചതു്. വിധിന്യായത്തിൽ പ്രതിക്കെതിരായി കുമാരി മോഹിന്ദർകൗർ ഉന്നയിച്ചിരിക്കുന്ന ആരോപണം അനാവശ്യമായിട്ടുള്ളതും അവിശ്വസനീയവുമാണെന്നു് ജഡ്ജി ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഇവിടത്തെ ഒരു സിനിമാപ്രദർശനശാലയിലെ ജീവനക്കാരാണ് വിശ്വനാഥനും മോഹിന്ദർകൗറും. 1963-ൽ പ്രസ്തുത സിനിമാപ്രദർശനശാലയിൽ ഒരു സ്ട്രൈക്കുണ്ടായതിൻെറ പശ്ചാത്തലത്തിലാണ് ഈ കേസ്സുണ്ടായതു്. കേസ്സിനെ തുടർന്നു് തിയേറ്റർ ഉടമ വിശ്വനാഥനെ ജോലിയിൽനിന്നും പിരിച്ചുവിടുകയും ചെയ്തു. അങ്ങിനെ വളരെയധികം കുഴപ്പങ്ങളുണ്ടാക്കിയ ഒരു കേസ്സാണിതു്.

1963 ഒക്ടോബർ 9-ാംനു വൈകുന്നേരം 6-30നു് റാണിജാൻസി റോഡ് ബസ്സ്സ്റ്റാൻറിൽ ബസ്സ് കാത്തു നില്ക്കുകയായിരുന്നു താനെന്നും, അപ്പോൾ വിശ്വനാഥ് ഒരു ഓട്ടോറിക്ഷയിൽ അവിടെ വന്നുവെന്നുമാണ് മോഹിന്ദർകൗർ പറയുന്നതു്. വിശ്വനാഥ് ചാടിയിറങ്ങി തന്നെ ബലമായി കടന്നുപിടിക്കുകയും ഓട്ടോറിക്ഷയിലേക്കു് വലിച്ചുകയററുകയുമുണ്ടായി. താൻ മുറവിളികൂട്ടി. അതുകേട്ടു് രാംചന്ദർറാം, ജാദാസ് എന്നിവർ ഓടിയെത്തി തന്നെ രക്ഷപ്പെടുത്തുകയും, തന്നെ പ്രസ്തുത സിനിമാപ്രദർശനശാലയുടെ ഉടമസ്ഥന്മാരിൽ ഒരാളായ ബിഷൻദാസ്സിൻെറ അടുത്തു കൂട്ടികൊണ്ടു പോകുകയുമുണ്ടായി. തന്നോടു വിവരങ്ങൾ ചോദിച്ചറിഞ്ഞ ശേഷം ബിഷൻദാസ്സ് പോലീസിൽ ഫോൺ ചെയ്തു.

പ്രതിയുൾപ്പെടെയുള്ളവർ ഒപ്പിട്ടു് സിനിമാപ്രദർശനശാലയുടെ മനേജുമെൻറിനു നൽകിയിരുന്ന നോട്ടീസിൽ 1963 ഒക്ടോബർ 10-ാംനു മുതൽ പണിമുടക്കുന്നതാണെന്നാണ് പ്രസ്താവിച്ചിരുന്നതു്. അതിനെ തുടർന്നു് കുമാരി മോഹിന്ദർകൗറിൻെറ ഒത്താശയോടെ കെട്ടിച്ചമച്ചുണ്ടാക്കിയ ഒരു കള്ളക്കേസ്സാണിതെന്നും ഈ കേസിൻെറ അടിസ്ഥാനത്തിൽ തന്നെ ശിക്ഷണനടപടിയെടുത്തു് ജോലിയിൽനിന്നും പിരിച്ചു വിട്ടിരിക്കയാണെന്നും, പ്രതി വിശ്വനാഥും കോടതിയിൽ പ്രസ്താവിച്ചു.

കുമാരി മോഹിന്ദർ കൗറിൻെറയും അവർക്കുവേണ്ടി മൊഴികൊടുത്ത മററ പലരുടെയും പ്രസ്താവനകളിലുള്ള പരസ്പരവൈരുദ്ധ്യങ്ങൾ സെഷൻസ് ജഡ്ജി തൻെറ വിധിന്യായത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. മാത്രമല്ല, മോഹിന്ദർ കൗർ പറയുന്നതുപോലെ വികാരശമനത്തിനുവേണ്ടി ഒരു പുരുഷനും ഒരു കശാപ്പുകാരൻ ആടിനെ സമീപിക്കുന്നതുപോലെ യാതൊരു സ്ത്രീയേയും സമീപിക്കുകയില്ലെന്നും, സംഭവത്തെക്കുറിച്ചു് അപ്പോൾ തന്നെ സിനിമാപ്രദർശനശാല മാനേജ്മെണ്ടിൻെറ മുമ്പിൽ ചെന്നു് പരാതി ബോധിപ്പിച്ച അവർ ഇക്കാര്യം അന്നോ അതിനടുത്ത ദിവസങ്ങളിലോ തൻെറ മാതാവിനേയോ വീട്ടിലെ മററംഗങ്ങളേയോ അറിയിച്ചിട്ടില്ലെന്നുള്ളതു് ശ്രദ്ധാർഹമാണെന്നും, അദ്ദേഹം പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്.

അമേരിക്കൻ സാഹിത്യത്തെ സംബന്ധിച്ച് ഒരു ത്രിദിനസെമിനാർ

തേക്കടിയിൽ ആരംഭിച്ചു

മദിരാശി, മെയ് 19

അമേരിക്കൻ സാഹിത്യത്തെ സംബന്ധിച്ച ഒരു ത്രിദിന സെമിനാർ ഇന്നു് തേക്കടി [കേരളം] യിൽ വച്ചു് ആരംഭിച്ചിരിക്കുന്നു,

അമേരിക്കക്കാരും ഇന്ത്യക്കാരുമായ ഒരു സംഘം വിദഗ്ദ്ധന്മാർ ഈ സെമിനാറിനു് നേതൃത്വം നൽകുന്നു. ഇരുപതിൽപരം കോളേജ് അദ്ധ്യാപകർ ഇവരിൽ മിക്കരും കേരളത്തിലെയും മദിരാശിയിലെയും മൈസൂരിലെയും കോളേജുകളിൽ നിന്നുള്ളവരാണ് ഈ സെമിനാറിൽ പങ്കെടുക്കുന്നുണ്ട്. അമേരിക്കൻ വാർത്താവിതരണകാര്യാലയം [യു. എസ്സ്. ഐ. എസ്സ്.] ആണ് ഇതിനു് ആഭിമുഖ്യം വഹിക്കുന്നതു്.

ഇന്നു് രാവിലെ, ബോംബെ യു. എസ്സ്. ഐ. എസ്സിലെ കൾച്ചറൽ അഫയേഴ്സ് ഓഫീസർ മി. മാനിംഗ് ഹാതോൺ പത്തൊമ്പതാം നൂററാണ്ടിലെ അമേരിക്കൻ സാഹിത്യത്തെ സംബന്ധിച്ച ഒരു പഠനത്തോടുകൂടി സെമിനാർ ആരംഭിച്ചു. ആ കാലഘട്ടത്തിലെ ഒരു പ്രശസ്ത എഴുത്തുകാരനായ നഥാനിയേൽ ഹോതോണിനെപ്പററിയും അദ്ദേഹം ചർച്ച ചെയ്തു. നോവലിസ്റ്റ് നഥാനിയേൽ ഹോതോണിൻെറ പൗത്രൻെറ പുത്രനും അദ്ദേഹത്തിൻെറ കൃതികളെപ്പററി ആധികാരികമായി പറയാൻ കഴിവുള്ള ദേഹവുമാണ് പ്രാസംഗികൻ.

ഉച്ചയ്ക്കുശേഷം കല്ക്കത്താ യു. എസ്സ്. ഐ. എസ്സിലെ കൾച്ചറൽ അഫയേഴ്സ് ഓഫീസർ ഇരുപതാം നൂററാണ്ടിലെ അമേരിക്കൻ സാഹിത്യത്തെപ്പററി പഠനം നടത്തുകയും ജോൺ സ്റ്റെയിൻബെക്കിനെപ്പററി ചർച്ചചെയ്യുകയുമുണ്ടായി.

വെള്ളിയാഴ്ച രാവിലെ നഥാനിയേൽ ഹോതോണിൻെറ "ഹൗസ് ഓഫ് സെവൻ ഗേബിൾസ്" എന്ന നോവലിനെപ്പററി മി. ഹോതോൺ നിരൂപണപരമായ ഒരു പഠനം നടത്തുന്നതാണ്. പിന്നീടു് ഓസ്മാനിയാ യൂണിവേഴ്സിററി ആർട്ട്സ് ആൻഡ് കോമേഴ്സ് കോളേജിലെ ഡോ. സി. ശേഷാചാരി ഏണസ്റ്റ് ഹെമിംഗ്വേയെപ്പററി പ്രസംഗിക്കും. ഉച്ചയ്ക്കുശേഷം മദിരാശി യു. എസ്സ്. ഐ. എസ്സിൽ യൂണിവേഴ്സിററി പ്രോഗ്രാംസ് ഓഫീസർ മി. ഫ്രാൻസിസ് പി. കവാർഡ് ഇന്ത്യൻ സാഹിത്യവും അമേരിക്കൻ സാഹിത്യവും തമ്മിലുള്ള സാധർമ്മ്യങ്ങളേയും വ്യത്യാസങ്ങളേയും സംബന്ധിച്ചു് ചർച്ചചെയ്യുന്നതാണ്. വൈകുന്നേരം മാർക്ക് ട്വൈൻെറ "ദി അഡ്വെഞ്ചേഴ്സ് ഓഫ് ഹക്കിൾബെറി ഫിന്നി"നെപ്പററിയുള്ള ഒരു ഫിലിം പ്രദർശിപ്പിക്കും.

ശനിയാഴ്ച രാവിലെ മി. ഹോതോൺ മാർക്ക് ട്വൈനെ സംബന്ധിച്ചു് സംസാരിക്കുന്നതാണ്. തൃശ്ശൂർ സെൻറ് മേരീസ് കോളേജിൽ ഇംഗ്ലീഷ്-അമേരിക്കൻ സാഹിത്യ ലെക്ചറർ സിസ്റ്റർ ക്ലിയോപാട്രാ "മോബിഡിക്കി"നെപ്പററി ചർച്ചചെയ്യും. ഉച്ചയ്ക്കുശേഷം തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ് പ്രിൻസിപ്പൽ റവ. ഫാദർ ഗീവർഗീസ് പണിക്കർ "ആധുനിക അമേരിക്കൻ കവിത" എന്ന വിഷയത്തെപ്പററിയുള്ള ഒരു പ്രബന്ധം അവതരിപ്പിക്കുന്നതാണ്.

ഓരോ പ്രസംഗത്തിനുശേഷം ചർച്ചകൾ നടക്കും. തേക്കടിയിലെ ആരണ്യനിവാസ് ഗസ്റ്റ്ഹൗസിൽ വെച്ചാണ് സെമിനാർ നടത്തുന്നതു്.

....

ബൊക്കാറോവിന്നു് 60 വർഷങ്ങൾക്കുള്ള ഇരുമ്പയിർ നിക്ഷേപമുണ്ടു്

ലെനിൻഗ്രാഡ്, മെ 20

ബൊക്കാറോവിൽ സോവിയററ് സഹായത്തോടെ നിർമ്മിക്കപ്പെടുന്ന ഉരുക്കു നിർമ്മാണശാലക്കു് 60 വർഷങ്ങൾക്കുവേണ്ട ഇരുമ്പയിർ നിക്ഷേപമുള്ളതായി ലെനിൻഗ്രാഡ് വിദഗ്ദ്ധന്മാർ കണക്കാക്കിയിരിക്കുന്നു. ഒരു വർഷം 40 ലക്ഷം ടൺ ഉരുക്കു് ഉത്പാദിപ്പിക്കുന്ന അടിസ്ഥാനത്തിലാണ് ഈ കണക്ക്.

....

നെഹറു സ്മാരക നിധിയിലേക്കു് ഓർഡ്നൻസ് തൊഴിലാളികളുടെ സംഭാവന

ന്യൂഡൽഹി, മേ 20

ഓർഡ്നൻസ് ഫാക്ടറികളിലെ ജീവനക്കാർ ജവഹർലാൽ നെഹ്റു സ്മാരകനിധിയിലേക്കു്, ആദ്യഗഡുവായി 57,900 ക. സംഭാവന നൽകിയിരിക്കുന്നു.

ഓർഡ്നൻസ് ഫാക്ടറികളിലെ ജീവനക്കാർ രാജ്യരക്ഷാനിധിയിലേക്കു് 73,200 ക. കൂടി സംഭാവന നൽകിയിട്ടുണ്ട്. ഇതോടെ അവർ രാജ്യരക്ഷാനിധിയിലേക്കു് ആകെ 4393600 ക. നൽകി കഴിഞ്ഞു. ഇപ്പോഴത്തെ ഗഡുവിൽ ഷാജഹാൻപൂരിലെ ക്ലോത്തിംഗ് ഫാക്ടറിയാണ് ഏററവും അധികം [ഏകദേശം 42000 ക.] സംഭാവന നൽകിയതു്. കാൺപൂരിലെ ചെറുകിട ആയുധനിർമ്മാണഫാക്ടറിയും അരുവാങ്കാട്ടെ കോർ ഡൈററ് ഫാക്ടറിയും ഏകദേശം 11000 ക. വീതം നൽകി.

—o—

മല്ലശ്ശേരി ബ്ലോക്കിലെ വികസനപ്രവർത്തനം

അഞ്ചര ലക്ഷം ക. ചിലവഴിച്ചു

മല്ലശ്ശേരി, മേ 20

മല്ലശ്ശേരി വികസന ബ്ലോക്കിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വിവിധ ഇനങ്ങളിലുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി 5,60,649 രൂപാ ചിലവു ചെയ്തതായി ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസരുടെ റിപ്പോർട്ടിൽ പറയുന്നു. അതിൽ 2,53,563 രൂപാ സാമൂഹ്യവികസന പരിപാടിയനുസരിച്ചു് കൃഷി, മൃഗസംരക്ഷണം, സഹകരണം, ജലസേചനം, ആരോഗ്യശുചീകരണം, വിദ്യാഭ്യാസം, സാമൂഹ്യവിദ്യാഭ്യാസം, ഗതാഗതം, വിദ്യാഭ്യാസം എന്നീ ഇനങ്ങളിൽ ചിലവഴിച്ചു. ഹെഡ്ക്വാർട്ടേഴ്സ് ആവശ്യങ്ങൾക്കു് 73,000 രൂപയാണ് ചിലവായതു്. ബാക്കി സംഖ്യ ഡിപ്പാർട്ടുമെൻറൽ ഫണ്ടുകളിൽനിന്നും മററുമായിവിനിയോഗിക്കപ്പെട്ടു. ധനവിനിയോഗത്തിൽ ശ്രദ്ധേയവും, പ്രശംസാർഹവുമായ, പുരോഗതിയാണ് മല്ലശ്ശേരി ബ്ലോക്കിൽ ഉണ്ടായിട്ടുള്ളതു്.

....o....

ജില്ലാ സദാചാര സമതി യോഗം

തൃശ്ശൂർ, മേ 19

സംയുക്തസദാചാരസമിതിയുടെ തൃശ്ശൂർ ജില്ലാ കമ്മററി യോഗംചേർന്നു് ആവലാതികളേയും ആക്ഷേപങ്ങളേയും പററി ചർച്ച നടത്തിയിരിക്കുന്നു. കല്ലു്, മണ്ണു്, ചാരം എന്നിവ പ്രത്യേക രീതിയിൽ പൊടിച്ചുചേർത്തു് സിമൻറ് ചാക്കുകൾ ഇരട്ടിപ്പിക്കുന്ന വ്യവസായം-ഹോട്ടലുകൾ, കാപ്പിക്ലബ്ബുകൾ, ബേക്കറികൾ എന്നിവക്കു് ലൈസൻസു് എടുത്തു് കച്ചവടം നടത്താതെത്തന്നെ അരിമാവു്, പഞ്ചസാര മുതലായവയ്ക്കു് പെർമിററവാങ്ങി കരിഞ്ചന്ത നടത്തൽ-എന്നീ രണ്ടുതരം അഴിമതികളെപ്പററി നടപടികൾ തുടരുന്നതാണ്. ചില ഗവണ്മെണ്ടാപ്പീസുകളിൽ കൈക്കൂലിയില്ലാതെ കാര്യങ്ങൾ നടത്തികിട്ടാൻ സാദ്ധ്യമല്ലെന്നുള്ള ആക്ഷേപങ്ങളിൽ വിശദവിവരങ്ങൾ ലഭിക്കുന്നവയെപ്പററി മാത്രം ആക്ഷേപക്കാരുടെ പേർ വെളിപ്പെടുത്താതെ അതാതു ഡിപ്പാർട്ടുമെൻറധികാരികൾക്കു് എഴുതുന്നതാണ്. കൊച്ചിൻ ദേവസ്വം ബോർഡിനേയും ചില ബാങ്കുകളേയും സംബന്ധിച്ചുള്ള ആക്ഷേപങ്ങൾക്കു് വ്യക്തമായ തെളിവു് ലഭിച്ച ശേഷം നടപടി നടത്തുന്നതായിരിക്കും. സ്കൂളുകളിലും കോളേജുകളിലും വിദ്യാർത്ഥികളുടെ പ്രവേശനത്തിനും, അദ്ധ്യാപകനിയമനത്തിനും, നിലവിലുള്ളതായിപറയപ്പെടുന്ന കൈക്കൂലി സമ്പ്രദായത്തെപ്പററി വ്യക്തമായ ആക്ഷേപങ്ങൾ കിട്ടുന്നതായാൽ ആക്ഷേപങ്ങൾ കിട്ടുന്നതായാൽ ആക്ഷേപക്കാർക്കു് എക്സ് ബ്രാഞ്ച് പോലീസുദ്യോഗസ്ഥന്മാരുടെ സഹായം ലഭിക്കുവാൻ സമിതി ഏർപ്പാടു ചെയ്യുന്നതാണ്. ചില സഹകരണസംഘങ്ങൾ, സർക്കാർ ആശുപത്രികൾ, മുതലായവയെപ്പററിയുള്ള ആക്ഷേപങ്ങൾ അന്വേഷണത്തിനായി ബന്ധപ്പെട്ട മേഖലാധികാരികൾക്കു് അയച്ചുകൊടുക്കുന്നുണ്ട്.

....

കാറളത്തു് മൃഗാസ്പത്രി

സ്വലേ കാറളം, മേ. 20

ഇരിങ്ങാലക്കുട വികസനബ്ലോക്കിൻെറ ആഭിമുഖ്യത്തിൽ കാട്ടൂർ പഞ്ചായത്തിൽ സ്ഥാപിക്കുന്നതായ മൃഗാസ്പത്രി കാറളത്തു് സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

....

വിമാനം ഇറങ്ങുന്നതിനു ഉടമ്പടി

[റോയിട്ടർ] നൈറോബി മെയ് 20

ഇന്ത്യൻ വിമാനങ്ങൾക്കു് കിഴക്കൻ ആഫ്രിക്കയിൽ ഇറങ്ങുന്നതിനുള്ള അവകാശം സംബന്ധിച്ച കരാറിൽ ഇന്ത്യയുടെ സിവിൽ ആവിയേഷൻ മന്ത്രി മി. നിത്യാനന്ദ്കാനുങ്കോയും കെനിയൻ കമ്യൂണിക്കേഷൻമന്ത്രി മി. ഡാവ്സണും ഒപ്പുവെച്ചിരിക്കുന്നു.

ഇന്ത്യൻ ഭരണഘടന

പ്രത്യക്ഷമായ ചില സ്വഭാവ വിശേഷങ്ങൾ

പി. ഡി. ജോസ് ബി. എ. ബി. എൽ, തൃശ്ശൂർ

ലോകത്തിലെ ഭരണഘടനകളുടെ കൂട്ടത്തിൽ ഏററവും ദീർഘമായതും കാര്യങ്ങൾ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതുമായ ഭരണഘടന ഇന്ത്യൻ ഭരണഘടനയാണെന്നാണ് പറയപ്പെടുന്നതു്. ഐവർ ജെന്നിങ്ങ്സ് എന്ന ഭരണഘടനാ നിരൂപകൻെറ അഭിപ്രായത്തിൽ ഇന്ത്യൻ ഭരണഘടനയുടെ ദൈർഘ്യം 'നിയമത്തിൻെറ ദൃഷ്ടിയിൽ പൊറുക്കാൻവയ്യാത്ത അതിരുകടന്ന വ്യാമോഹത്തിൻെറ ലക്ഷണ'മാണെന്നതാണ്. എന്നാൽ ഇതഃപര്യന്തമുള്ള നമ്മുടെ ചരിത്രം അതിനെതിരായി സാക്ഷ്യപത്രം നൽകാൻ പര്യാപ്തമാണ്. ബ്രിട്ടീഷ് ഭരണത്തിൻെറ അടിമചങ്ങല പൊട്ടിച്ചെറിഞ്ഞ സ്വതന്ത്രജനതയുടെ പൊതുവായ താല്പര്യങ്ങളും മുൻനിറുത്തി ഭൂരിപക്ഷംവരുന്ന നിരക്ഷരകുക്ഷികളുടെ വികാരങ്ങൾക്കു രൂപംകൊടുത്തു്, നിലവിലുള്ള ഭരണഘടനകളിൽനിന്നു് മഹത്തായ കല്പനകൾ കൈക്കൊണ്ടു്, വാചാലമായി എഴുതിതീർത്ത ഭരണഘടനക്കു് ദൈർഘ്യക്കൂടുതലെന്ന ദൂഷ്യം ഒരുനിലക്കു ആശാസ്യവും കൂടിയാണല്ലോ. ഡോക്ടർ അംബേദ്ക്കർ പ്രസ്താവിച്ചതു്, മററുള്ള രാഷ്ട്രങ്ങളെ അപേക്ഷിച്ചു് ഭാഷകളുടെ വെളിച്ചത്തിൽ ജനതതിയെ എണ്ണി തിട്ടപ്പെടുത്താൻ എളുപ്പമല്ലാത്ത നമ്മുടെ രാജ്യത്തു ഭരണഘടനയുടെ വ്യാപ്തിയെ ആശ്രയിച്ചാണു് സ്വാതന്ത്ര്യത്തിൻെറ അതിർവരമ്പുകൾ നിർണ്ണയിക്കുന്നതു് എന്നാണ്

അടക്കം ചിട്ടയും

ഭരണഘടനാസവിശേഷതയായി നിരൂപകന്മാർതന്നെ കല്പിച്ചുതന്നിട്ടുള്ള പ്രസിഡണ്ട് നേരിട്ടു ഭരിക്കുക എന്ന തത്വവും, പാർളിമെൻറ് മുഖ്യനിർവ്വഹണസമിതിയായി വർത്തിക്കുക എന്ന പ്രമാണവും അടക്കംചിട്ടയോടുകൂടി തുന്നിപിടിപ്പിച്ചിട്ടുള്ളതു് നമ്മുടെ ഭരണഘടനയുടെ മഹത്തായ നേട്ടമാണ്. ഐക്യനാടുകളിൽ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട് സർവ്വപ്രധാനനും സർവ്വവ്യാപിയുമാണ്. കാര്യദർശികളെ നിയമിക്കുക, അവർ പ്രസിഡൻറിൻെറ പ്രീതിനോക്കി കാര്യങ്ങൾ നടത്തുക, നീതിന്യായസമ്പ്രദായത്തിലും, നിർവ്വഹണസമിതിയിലും, നിയമനിർമ്മാണസമിതിയിലും മുഖ്യമായ ഘടകം പ്രസിഡണ്ടിൻെറ ഉത്തരവായിരിക്കുക എന്നീ അധികാരങ്ങൾ ഭരണഘടന അവിടത്തെ പ്രസിഡണ്ടിനു് വാഗ്ദാനം ചെയ്യുന്നു. ബ്രിട്ടനിലാണെങ്കിൽ സിദ്ധാന്തപരമായി രാജാവാണ് എല്ലാ വകുപ്പുകളുടേയും രക്ഷകർത്താവെങ്കിലും പാർളിമെൻറിൻെറ രണ്ടുസഭകളും അധികാരങ്ങൾ പങ്കിട്ടെടുത്തിരിക്കുന്നു. അതിനാൽ പരമ്പരാഗതമായി അധികാരമേൽക്കുന്ന രാജാവിൻെറ ശക്തി റബ്ബർ സ്റ്റാമ്പുപോലെയോ, അടയാളംവെക്കുന്ന എഴുത്താണിപോലെയോ ആയിത്തീർന്നിരിക്കുന്നു. നമ്മുടെ ഭരണഘടനാസംവിധായകർ ഐക്യനാട്ടിലെയും, ബ്രിട്ടനിലേയും ഭരണഘടനകളിലെ മാതൃകാപരമായ വശങ്ങൾമാത്രമേ ഉൾക്കൊണ്ടിട്ടുള്ളൂ. പാരമ്പര്യാഗതമായ രാജാവിനു് പകരം തിരഞ്ഞെടുക്കപ്പെട്ട പ്രസിഡൻറ്, പ്രസിഡൻറിനു് എഴുതിതിട്ടപ്പെടുത്തിയ അധികാരസീമകളും പ്രസിഡൻറിൻെറ അധികാരങ്ങൾ രാജ്യസഭയോടും ലോകസഭയോടും നാനാപ്രകാരേണ കടപ്പെട്ടിരിക്കുന്നു. എന്ന പുത്തൻതത്വവും പ്രധാനമന്ത്രി ഭരണയന്ത്രത്തിൻെറ മൂലക്കല്ലായിത്തീർന്നിലകൊള്ളുന്നു എന്ന സംഹിതയും എല്ലാംതന്നെ ശ്രദ്ധേയമായ വ്യതിയാനങ്ങളാണ്.

മധ്യവർത്തി

കേന്ദ്ര ഗവണ്മെണ്ടിനു് എല്ലാ അധികാരങ്ങളും വിട്ടുകൊടുത്തു സംസ്ഥാനങ്ങൾ നാമമാത്രമായ അധികാരങ്ങൾ കൈവശം വെയ്ക്കുന്ന ബ്രിട്ടനിലെ എഴുതപ്പെടാത്തഭരണഘടനയ്ക്കും, സംസ്ഥാനങ്ങളും കേന്ദ്രവും അധികാരം പങ്കിട്ടെടുത്തു് തുല്യസുഖദുഃഖങ്ങൾ അനുഭവിക്കുന്ന ഐക്യനാടുകളിലെഭരണഘടനയ്ക്കും മദ്ധ്യവർത്തിയായി നിലകൊള്ളുന്നതു നമ്മുടെ ഭരണഘടനയുടെ മേന്മയാണ്. ഡൈസി എന്ന ചിന്തകൻെറഅഭിപ്രായത്തിൽ "കേന്ദ്രവും സംസ്ഥാനവും പങ്കിട്ടെടുക്കുന്ന ഏർപ്പാടു് മാമൂൽ പ്രിയന്മാർക്കു് ചേർന്നതാണെ"ന്നതാണ്. സ്വിററ്സർലണ്ടിലേയും, ആസ്ട്രേലിയായിലേയും ജനങ്ങൾ അതിൻെറ ഫലങ്ങൾ അനുഭവിക്കുന്നുണ്ടെന്നതു് പരമാർത്ഥം മാത്രമാണ്. എന്നിരുന്നാലും കേന്ദ്രത്തിനെ ശക്തിമത്താക്കുന്ന പദ്ധതി ഏകാധിപത്യ പ്രവണതകളെ പാലൂട്ടി പുഷ്ടിക്കലായിരിക്കും. അതിനാൽ ഭാരതത്തിൽ നടപ്പിലുള്ള ഒരു പൌരത്വം അനുവദിക്കുന്ന തത്വവും ദേശീയ ഐക്യം സംസ്ഥാനങ്ങളുടെ അവകാശങ്ങളെ ആശ്രയിച്ചിരിക്കുന്നു എന്ന സമ്പ്രദായവും ക്രമ പ്രവൃദ്ധമായ നീതിനിർവ്വഹണ കോടതികളുടെ പ്രവർത്തനവും ശാസ്ത്രീയമായ ഗവേഷണത്തിൻെറ മധുരഫലങ്ങളാണെന്നതിനു് സംശയമില്ല.

ഒരനുഗ്രഹം

395 വകുപ്പുകളും 9 ഷഡ്യൂളുകളുമുള്ള നമ്മുടെ ഭരണഘടന അമിതാലങ്കാരം കൂടാതെ തന്നെ ഭേദഗതിക്കു് വിധേയമാക്കാവുന്നതേയുള്ളൂ. അനുസ്യൂതമായ പരിണാമങ്ങളുടെ യുഗത്തിൽ ഈ സ്ഥിതിവിശേഷം ഒരനുഗ്രഹമാണ്. ഭരണഘടനമൂന്നാംഭാഗത്തിൽ ചേർത്തിട്ടുള്ള മൌലീകാവകാശങ്ങളുടെപട്ടിക പൌരൻെറ ചിന്താശക്തിയെ ചിറകെട്ടി നിർത്താനും തളച്ചിടുന്ന ചിന്താഗതികൾക്കുള്ള സന്ദർഭം പാടെ നീക്കം ചെയ്യാൻ ഉതകിയതാണ്. എന്നാൽ അസ്ഥാനങ്ങളും അനധികൃതവുമായ മൌലീകാവകാശവാദം വകുപ്പുകളുടെ അവസാനത്തിൽ പറഞ്ഞിട്ടുള്ള 'കഴിവുകൾ' ഫലപ്രദമായി തടയുകയും ചെയ്യുന്നുണ്ട്. അതിനാൽ നമ്മുടെ മൗലീകാവകാശങ്ങളുടെ പട്ടികയെ ബ്രിട്ടനിലെ അവകാശങ്ങളുടെ പട്ടികയെന്നോ, 'മാഗ്നാകാർട്ട'യെന്നൊ വിളിക്കുന്നതിൽ പന്തികേടില്ലെന്നു് തോന്നുന്നു.

പ്രായപൂർത്തി വോട്ടവകാശം

പ്രായപൂർത്തി വോട്ടവകാശം ഓരോ പൗരനും വാഗ്ദാനം ചെയ്തതിൽനമ്മുടെ ഭരണഘടനാ നിർമ്മാതാക്കളെ എത്ര പ്രശംസിച്ചാലും അധികമാകയില്ല. പുരോഗതിയുടെ പാരമ്യത്തിലെത്തിയെന്നു് അഭിമാനിക്കപ്പെടുന്ന ബ്രിട്ടനിലും ഐക്യനാട്ടിലും പ്രായപൂർത്തി വോട്ടവകാശം ഭാഗികമായി മാത്രം വിജയം വരിച്ച വസ്തുത ഉള്ളിൽ കണ്ടുകൊണ്ടാണ് നമ്മുടെ ഗ്രാമീണർക്കു് പ്രായപൂർത്തിവോട്ടവകാശം നമ്മുടെ ഭരണഘടന പ്രദാനം ചെയ്തതെന്ന വസ്തുത ആരെയും അതിശയിപ്പിക്കുന്നതാണ്. സമ്മതിദാനാവകാശത്തിൻെറ മൂല്യം മനസ്സിലാകാതെ പണത്തിൻേറയും പ്രതാപത്തിൻേറയും സമ്മർദ്ദത്താലും ചിലപ്പോൾ പ്രചരണകോലാഹലങ്ങളുടെ പിന്നാലെയും സാധാരണ ജനങ്ങൾ വഴിതെററിപ്പോകുന്നുണ്ടെന്ന പ്രസ്താവത്തിൽ പൊരുളുണ്ടായിരുന്നാലും മുഴുവൻ ജനതയ്ക്കും ഗവണ്മെണ്ടിൻെറ ദൈനംദിനപ്രവർത്തനത്തിൽ പ്രായപൂർത്തി വോട്ടവകാശത്തിൻെറ അടിസ്ഥാനത്തിൽ പങ്കാളികളാകാൻ കഴിഞ്ഞുവെന്നതു് ചാരിതാർത്ഥ്യജനകമല്ലെ? പ്രതിരോധതടങ്കൽനിയമം ഭരണഘടനയുടെ തീരാശാപമായി കണക്കാക്കുന്നവരുണ്ടു്. പക്ഷെ ഇന്ത്യയിലെ പ്രധാന ന്യായാധിപനായിരുന്ന കനയ ഏ. കെ. ഗോപാലൻെറ വിധിന്യായത്തിൽ പ്രസ്താവിച്ചതു്. "പ്രതിരോധ തടങ്കൽ നിയമം ഭരണഘടനയുടെ അവിഭാജ്യഘടക"മാണെന്നാണ്. ജനാധിപത്യത്തിനു് ഈ നിയമംനിരക്കാത്തതാണെങ്കിലും താന്തോന്നികൾക്കും, അട്ടിമറിപ്രസ്ഥാനക്കാർക്കും, സമുദായദ്രോഹികൾക്കും, രാജ്യദ്രോഹികൾക്കുമുള്ള മുന്നറിയിപ്പാണ് അതുകൊണ്ടു ലക്ഷ്യമാക്കുന്നതു്. പ്രായപൂർത്തിയാകാത്ത നമ്മുടെ ജനാധിപത്യ ശിശുവിൻെറ വളർച്ചക്കു് ആ പ്രമാണം അനുപേക്ഷണീയവുമാണ്.

പീഠികകൾ

എന്തുകൊണ്ടും നമ്മുടെ ഭരണഘടനാ നിർമ്മാതാക്കൾ അഭിനന്ദനം അർഹിക്കുന്നുണ്ട്. ഇന്ത്യക്കാരായ നമ്മൾ ഇന്ത്യയെ ഒരു പരമാധികാര ജനാധിപത്യ റിപ്പബ്ളിക്കായി പ്രഖ്യാപിക്കയും, പൌരന്മാർക്കു സാമ്പത്തിക സാമുദായിക നീതി ലഭിക്കുകയും ആരാധനാസ്വാതന്ത്ര്യം, വിശ്വാസസ്വാതന്ത്ര്യം, അഭിപ്രായപ്രകടനസ്വാതന്ത്ര്യം എന്നിവ അനുവദിക്കയും, അവസരസമത്വം വാഗ്ദാനം ചെയ്യുകയും, വ്യക്തിയുടെ അന്തസ് കാത്തു സൂക്ഷിക്കയും, രാഷ്ട്രങ്ങൾ തമ്മിൽ സൌഹൃദം വളർത്തുകയുംമാണ് പീഠികയിൽ ലക്ഷ്യങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളതു്. ആദ്യത്തിൽ പ്രകടമായി കാണുന്ന ഈ ലക്ഷ്യങ്ങളാണ് ഏതൊരു ഭരണഘടനയുടെയും എല്ലാ വകുപ്പുകളിലേക്കും വെളിച്ചം വീശുന്നതെന്നു് ഡൈസി എന്ന ചിന്തകൻ അഭിപ്രായപ്പെട്ടിരിക്കുന്നു. ഐക്യനാട്ടിലെ ഭരണഘടനാപീഠികയിലെ തത്വങ്ങളിൽ ഒററനോട്ടത്തിൽ നിത്യനൂതനമായ ഒന്നുംതന്നെ കണ്ടില്ലെന്നുവരും. "ഐക്യനാട്ടിലെ ജനങ്ങളായ ഞങ്ങൾ കൂടുതൽ പൂർണ്ണമായ ഒരു യൂണിയൻ രൂപപ്പെടുത്തുവാൻ, നീതിയും, ആഭ്യന്തര സമാധാനവും, പൊതുവായ രാജ്യരക്ഷയും, സ്വാതന്ത്ര്യത്തിൻെറ ആശംസകളും ഞങ്ങൾക്കും ഞങ്ങളുടെ പിൻഗാമികൾക്കും പ്രദാനം ചെയ്യാൻ ഭരണഘടന രൂപപ്പെടുത്തിയിരിക്കുന്നു" എന്നാണ് അവരുടെ പീഠികയിൽ പറഞ്ഞിരിക്കുന്നതു്.

അയർലണ്ടിലെ ഭരണഘടന എല്ലാം ക്രിസ്തുവിൽ എല്പിച്ചാണ് വകുപ്പുകൾ ആരംഭിക്കുന്നതു്. "എല്ലാ പാപങ്ങൾക്കും പരിഹാരം നിശ്ചയിക്കുന്നവനും, നമ്മുടെ പൂർവ്വീകരെ കരയണയിച്ചവനുമായ ക്രിസ്തുവിൽകൂടി, അയർലണ്ടുകാരായ ഞങ്ങൾക്കു ദേശീയ ഐക്യവും, വിജ്ഞാനവും, ദാനധർമ്മങ്ങളിൽ അഭിവാഞ്ഛയും നീതിനിർവ്വഹണപ്രിയവും ഉണ്ടാകട്ടെ." എന്നു് പ്രാർത്ഥനാരൂപത്തിൽ പ്രതിഫലിപ്പിച്ചിരിക്കയാണ് അവർ. ജപ്പാനിലെ ഭരണഘടനയുദ്ധത്തിന്നെതിരായും, ഏകാധിപത്യം, അവഗണന, അനൈക്യം തുടങ്ങിയ പ്രവണതകൾക്കു വിരുദ്ധമായും പ്രവൃത്തിക്കുവാൻ പ്രോത്സാഹനം നൽകുന്നു. ലോഡ്ഹെയിൽഷാം പ്രസ്താവിച്ചപോലെ ഭരണഘടനയുടെ ഹൃദയം "കൂടുതൽ മുത്തുകൾ തപ്പിയെടുക്കാനുള്ള താക്കോലാണെ"ങ്കിൽ ആ പ്രസ്താവം വേണ്ടവിധത്തിൽ പ്രകാശമാനമായിട്ടുള്ളതു് നമ്മുടെ ഭരണഘടനയുടെ പീഠികയുടെ മഹനീയമായ നേട്ടമാണ്. ഭരണഘടനയിലെ വകുപ്പുകൾ രൂപഭംഗിയോടും സംപൂർണ്ണമായും അവതരിപ്പിച്ച നമ്മുടെ ഭരണഘടനാനിർമ്മാതാക്കൾ "പുതിയ അദ്ധ്യായത്തിൻെറ തുടക്കത്തെ" കുറിച്ചിരിക്കുന്നു.

തലസ്ഥാനത്തുനിന്ന്

[സ്വ. ലേ] തിരുവനന്തപുരം, മെയ് 13

കേന്ദ്ര ഡെപ്യൂട്ടി മന്ത്രിയുടെ സന്ദർശനം

കേന്ദ്ര വാണിജ്യവകുപ്പ് ഡെപ്യൂട്ടി മന്ത്രി ശ്രീ. എസ്. വി. രാമസ്വാമി ഈ മാസം 25–ാംതു രാവിലെ തിരുവനന്തപുരത്തെത്തുന്നതാണ്. കയറുമതി വികസനത്തെപ്പറ്റി പര്യാലോചിക്കാൻ അന്നേദിവസം തിരുവനന്തപുരത്തു കൂടുന്ന ഒരു യോഗത്തിൽ പങ്കെടുക്കാൻ എത്തുന്ന അദ്ദേഹം ഉദ്യോഗസ്ഥന്മാരു, വ്യാപാരികളുമായി കയറുമതി വികസനത്തിന്റെ വിവിധ വശങ്ങളെപ്പറ്റി ചർച്ചകൾ നടത്തുന്നതായിരിക്കും.

ഫാർമസി കൗൺസിൽ രജിസ്ട്രാർ

ഡ്രഗ്സ് ഇൻസ്പെക്ടർ ശ്രീ. റ്റി. റ്റി. ജോസഫിനെ അദ്ദേഹത്തിന്റെ ഇപ്പോഴത്തെ ജോലിക്കു പുറമേ കേരള ഫാർമസി കൗൺസിൽ രജിസ്ട്രാരായി സെക്കട്ടറിയുമായി നിയമിച്ചിരിക്കുന്നു.

പെൻഷൻകാരുടെ യോഗം

ആൾ കേരള പെൻഷനേഴ്സ് അസോസിയേഷൻ തിരുവനന്തപുരം യൂണിറിന്റെ മൂന്നാം വാർഷികപൊതുയോഗം മേയ് 22–ാംതു ഉച്ചതിരിഞ്ഞ് മൂന്നുമണിക്ക് ശ്രീ ചിത്രാഹിന്ദുമതഗ്രന്ഥശാലാ ഹാളിൽവച്ച് കൂടുന്നതാണ്.

ട്രാൻസ്പോർട്ട് ഡെപ്യൂട്ടി കമ്മീഷണർ

തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ ശ്രീ. റ്റി. അനന്തശയനത്തെ മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റിൽ ട്രാൻസ്പോർട്ട് ഡെപ്യൂട്ടി കമ്മീഷണറായി നിയമിച്ചിരിക്കുന്നു.

—o—

പാക്കിസ്ഥാൻ ന്യൂസ് ഡൈജസ്റ്റ് മാർച്ചുമുതലുള്ള ലക്കങ്ങൾ കണ്ടുകെട്ടി

ന്യൂഡൽഹി, മേയ് 20

പാക്കിസ്ഥാൻ ന്യൂസ് ഡൈജസ്റ്റ് എന്ന പ്രസിദ്ധീകരണത്തിന്റെ മാർച്ച് 15 മുതൽ ഇന്നേവരെയുള്ള എല്ലാ ലക്കങ്ങളും ഇന്ത്യാഗവൺമെന്റ് കണ്ടുകെട്ടിയിരിക്കുന്നു. രാജ്യത്തിന്റെ സുരക്ഷിതത്വത്തിന് അപകടകരമായ കാര്യങ്ങൾ ഈ ലക്കങ്ങളിൽ ഉണ്ട് എന്നതാണ് ഈ നടപടിക്ക് കാരണം.

ഈ പ്രസിദ്ധീകരണത്തിന്റെ ഇനിയങ്ങോട്ടുള്ള ലക്കങ്ങളും വിൽക്കുന്നതും വിതരണം ചെയ്യുന്നതും ഇന്ത്യാഗവൺമെന്റ് നിരോധിച്ചിട്ടുണ്ട്. കണ്ടുകെട്ടിയ ലക്കങ്ങളും കൈവശമുള്ളവർ അവ പോലീസധികൃതരെ ഏല്പിക്കേണ്ടതാണ്.

—o—

എറണാകുളം വാർത്തകൾ

[സ്വ. ലേ] മേയ് 19

എറണാകുളം ജില്ലാപരിഷത്തുദ്യോഗത്തിയുടെ ഒരു യോഗം ജില്ലാകളക്ടർ ശ്രീ. രാമണ്ണാമേനോന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ശിശുക്ഷേമരംഗത്ത് ഈ ജില്ലയിൽ പ്രവർത്തിക്കുന്ന എല്ലാ അനൗദ്യോഗിക സംഘടനകളുടെ ഭാരവാഹികളേയും, സംഘടിപ്പിച്ചുകൊണ്ട്, ശിശുക്ഷേമപ്രവർത്തനങ്ങളെ ഉജ്ജീവിപ്പിക്കുവാനുള്ള പദ്ധതികളും പദ്ധതികളും ചർച്ചചെയ്യുന്നതിനും, ഈ സാമ്പത്തിക വർഷത്തിലേക്കുള്ള പരിപാടികളും ആസൂത്രണം ചെയ്യുന്നതിനും തീരുമാനിച്ചു.

മത്സ്യബന്ധനോപകരണങ്ങൾക്ക് ധനസഹായം

എറണാകുളം ജില്ലയിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ മത്സ്യബന്ധനത്തിനായി പുതുതായി നിർമ്മിക്കുന്ന ഉപകരണങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിരിക്കുന്നു. പുതുതായി നിർമ്മിക്കുകയോ വാങ്ങിക്കുകയോ ചെയ്യുന്ന ഉപകരണങ്ങളുടെ വിലയുടെ 25 ശതമാനമോ, 500 രൂപായിൽ കവിയാത്ത തുകയോ സഹായമായി നൽകുന്നതായിരിക്കും.

WANTED fully qualified hands within the Prescribed age limit for appointment in Union High School Mambra H S As. Mathematics–one. Social Studies–one H. S. A. (of any subject) one Higher grade full time Malayalam–one, Higher Grade Part time Malayalam–one, Higher Grade Hindi full time one. Lower Grade Hindi full time–one, T. T. C. holders–6. Physical Instructor fulltime–one. Part-timeMusic–one The posts are temporary but likely to be permanent. Retired qualified hands below 59 may also apply. Apply within ten days by Reg. post to the Manager, with a copy to the D. E. O. Irinjalakuda

---

WANTED three fully qualified hands within Prescribed age limits for appointment as L P. assistants in N L P S Koratty, P. O. Mambra in Permanent Vacances. Retired qualified teachers below 59 years may also apply. Apply within 10 days by registered post to the manager with a copy to the A. E. O. Chalakudy.

WANTED a fully qualified Music Teacher within the prescribed age limit for appointment as a part time Music Teacher in a temporary vacancy. Retired qualified teachers below 59 years may also apply Apply within 10 days by registered post to the Manager St. Joseph's U.P. School Enamakkel, with copy to the A. E.O. Engandiyur, Post Mullassary.

WANTED fully qualified hands within the Prescribed age limit for appointments under the management in the S. H. Con G. H. School Chalakudy as H S. A's in Phy Sc. Maths. Social Study, Nat. Sc., U. P. S. A's two. Mal. T. 3. Mal. P. T–1. (higher grade) for temporary and leave vacancies. Retired qualified teachers below 59 years may also apply. Apply within 10 days by registered post to the Manager with copies to the D. E O. Irinjalakuda

---

WANTED 4 (four) fully qualified hands within the prescribed age limits for appointment in the S. N. U. P School, Annamanada and one Physical Instructor (P. T.) Retired qualified teachers below 59 years may also apply. Apply within ten days to the Manager of the School with a copy to the A. E. O. Chalakudy.

WANTED fully qualified hands within the prescribed age limits for appointments in the school under the management of Pompei St. Mary's High School, Kattoor. H. S. A. Maths. 1, H. S. A. Social studies 1, H. S. A. Malayalam 2, U. P. S. A. Music 1, S. S. L. C. Trained (L. P. Section) 3 in temporary vacancies. Retired qualified teachers below 59 years may also apply. Apply within 10 days by registered post to the Manager with copies to the D. E O. Irinjalakuda.

WANTED fully qualified hands for appointment in the P V S. High School, Parappukkara under the Management of P. V Samithy Parappukkara as H S A. Mathematics (4), Science (1), full time higher grade Malayalam teacher (3), Higher grade Hindi teacher (full time or part time) (1), P. T. Physical Instructor (1) Retired qualified teachers below 59 years may also apply. Apply within 19 days by registered post to the manager with copy to the D. E. O. Irinjalakuda

---

WANTED fully qualified hands within prescribed age limit for appointment in School under the management of St. Mary's High School Vynthala as (1) one H. G. Hindi Pandit F. T. (2) one L. G. Hindi Pandit F. T. (3) one H. G. Mala. Pandit P. T. (4) one L. G. Drawing teacher F. T. (5) one L. G. Music teacher P. T. (6) one M. S. A. All the posts except Sl. No. 4 are temporary but likely to be made permanent. Retired qualified teachers below 59 may also apply. Apply within ten days by Regd. Post to the manager with a Copy to the D E. O. Irinjalakuda.

WANTED duly qualified hands within the prescribed age limits for appointment in the S. D. V. H. S. Peramangalam as 1) HSA (Mathematics 1; NaturalScience 1; Social Studies 1;) 2) Higher grade Malayalam Pandit 1; Hr. gr: P. T. Malayalam Pandit 1; Higher grade P. T Sanskrit Pandit 1; Higher grade Hindi Pandit 1 Retired qualified hands below 59 may also apply. Apply within 10 days by registered post to the manager, S D V H.S Peramangalam with copy the D E. O. Trichur.

കേരളത്തിലെ ഗവ: ജീവനക്കാർക്ക് കേന്ദ്രജീവനക്കാരുടേതിനു സമമായ ഡി. എ. നൽകണം

ഡി. പി. അടിസ്ഥാനശമ്പളത്തിൽ ലയിപ്പിക്കണം–ദക്ഷിണമേഖലയിലെ മറ്റു സംസ്ഥാനങ്ങളിലെ ശമ്പളനിരക്കുകൾ കേരളത്തിലെ ഗവ: ജീവനക്കാർക്കും നൽകണം

ശമ്പളക്കമ്മീഷന്റെ ശുപാർശകൾ

തിരു. മെയ്, 19

കേരളത്തിലെ ഗവണ്മെന്റ് ജീവനക്കാരുടെ ഡിയർനസ് അലവൻസ് നിരക്കുകൾ കേന്ദ്രഗവണ്മെന്റ് ജീവനക്കാരുടേതുമായി ഐകരൂപ്യമുള്ളതാക്കണമെന്നു സംസ്ഥാന ശമ്പളക്കമ്മീഷൻ അവരുടെ ഇടക്കാല റിപ്പോർട്ടിൽ സുപാർശ ചെയ്തിട്ടുള്ളതായി അറിയുന്നു.

സംസ്ഥാന ഗവർമ്മെന്റ് ജീവനക്കാരുടെ ഡിയർനസ് പേ (ഡി. പി.) അടിസ്ഥാനശമ്പളത്തിൽ ലയിപ്പിക്കണമെന്നതാണ് ഇടക്കാല റിപ്പോർട്ടിലെ മറ്റൊരു ശുപാർശ.

പാട്ട് ടൈംകണ്ടിൻജൻസി ക്കാർക്ക് ഇടക്കാലാശ്വാസം

സംസ്ഥാന ഗവണ്മെന്റിന്റെ വിവിധ വകുപ്പുകളിലായി ജോലിനോക്കുന്ന അദ്ധ്യായന്തേയും പാർട്ട്ടൈംകണ്ടിൻജൻസി ജീവനക്കാർക്ക് അനുരൂപവിധം ഇടക്കാലാശ്വാസം നല്കുന്നതാണെന്നും പേകമ്മീഷന്റെ ഇടക്കാല റിപ്പോർട്ടിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.

കേന്ദ്രഗവണ്മെന്റ് ജീവനക്കാരുടേതിന് തുല്യമായ ശമ്പളസ്കെയിലുകൾ സംസ്ഥാനഗവർമ്മെന്റ് ജീവനക്കാർക്കും അനുവദിക്കണമെന്ന് വിവിധ സർവീസ് സംഘടനകൾ മുന്നോട്ടുവച്ചിട്ടുള്ള ആവശ്യം ശമ്പളക്കമ്മീഷൻ അവരുടെ ഇടക്കാല റിപ്പോർട്ടിൽ "ന്യായീകരിക്കാനാവാത്ത" ഭാരമാശ്യം എന്ന നിലയിൽ നിരാകരിക്കുകയാണ് ചെയ്തിട്ടുള്ളത്. അതേസമയം ദക്ഷിണമേഖലയിലെ മറ്റായൽ സംസ്ഥാനങ്ങളിലെ ശമ്പളനിരക്കുകളെക്കാൾ താഴ്ന്നതോ കാണാത്തതോ ആയതു സംസ്ഥാനഗവണ്മെന്റ് ജീവനക്കാരുടെ ശമ്പളസ്കെയിലുകൾ എന്നും ശമ്പളക്കമ്മീഷൻ അഭിപ്രായപ്പെട്ടിട്ടുണ്ട്.

കേന്ദ്ര ശമ്പളനിരക്കുകൾ സംസ്ഥാന ഗവണ്മെന്റ് ജീവനക്കാർക്കും അനുവദിക്കണമെന്ന വാദം രണ്ടു വിഭാഗം ജീവനക്കാരുടെയും സേവനവ്യവസ്ഥകൾ തമ്മിലുള്ള അന്തരത്തിന്റെ അടിസ്ഥാനത്തിലാണ് കമ്മീഷൻ "ന്യായീകരിക്കാനാവാത്തതു" എന്നു വിധിക്കപ്പെട്ടിട്ടുള്ളത്. കേന്ദ്ര ഗവണ്മെന്റ് സർവ്വീസിലുള്ളവർ ഇന്ത്യയുടെ ഏതു ഭാഗത്തേക്കും സ്ഥലംമാറ്റം കിട്ടിപ്പോകാൻ ബാദ്ധ്യതയുള്ളവരാണ് എന്നതു ഈ അന്തരങ്ങളിലൊന്നാണ്. എന്നാൽ സംസ്ഥാന ഗവണ്മെന്റ് ജീവനക്കാരുടെ സേവനപരിധി, കേരളത്തിന്റെ നാലതിരുകളുടെ പരിധിയിൽ മുഴുങ്ങി നില്ക്കുകയാണല്ലോ ചെയ്യുന്നതു.

ഡിയർനസ് അലവൻസിന്റെ കാര്യത്തിൽ ഈ അന്തരങ്ങൾക്ക് പ്രസക്തിയില്ലെന്നും കേന്ദ്ര ഗവണ്മെന്റ് ജീവനക്കാരുടെ ഡി. എ. നിരക്കുകൾ സംസ്ഥാന ഗവണ്മെന്റ് ജീവനക്കാരും നല്കേണ്ടതാണെന്നുമാണ്, കമ്മീഷനിലെ അഭിപ്രായം. ജനുവരിയിൽ കേന്ദ്രഗവണ്മെന്റ് ജീവനക്കാർക്ക് വിവിധ സ്കെയിലുകളിലായി 28 രൂപ മുതൽ 90 രൂപ വരെയുള്ള ഡി. എ. അനുവദിച്ചിരുന്നുവല്ലോ. മാർച്ച് 1–ാംതു മുതൽക്കു് ഇതു വീണ്ടും പരിഷ്കരിച്ച് 5 രൂപ മുതൽ 20 രൂപവരെ വ്യത്യസ്തസ്കെയിലുകളിൽ വ്യത്യസ്തനിരക്കനുസരിച്ചുള്ള ഡി. എ. വർദ്ധനവു് ഏപ്രിൽ മാസത്തിൽ അനുവദിക്കുകയുമുണ്ടായി.

ഡി. പി. ശമ്പളത്തിൽ ലയിപ്പിക്കണം

ഡിയർനസ് പേ എന്ന പേരിൽ സംസ്ഥാന ഗവണ്മെന്റ് ജീവനക്കാർക്ക് ഇന്നു കിട്ടുന്ന വേതനവിഭാഗം, ജീവിതച്ചെലവു് താഴ്ന്നതിനാൽനിന്നോ ഇന്നു നിലനിന്നുള്ള ഉറച്ച നിലനിന്നതിനാലോ യാതൊരു സൂചനയുമില്ലാത്ത ഇന്നത്തെ സാഹചര്യത്തിൽ, ഡി. പി. എന്ന പേരിൽ ഇടക്കിടെ നല്കുന്നതിലുപരിയായി ഈ തുകയും അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കണമെന്നും ശമ്പളകമ്മീഷൻ അവരുടെ ഇടക്കാല റിപ്പോർട്ടിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഫെബ്രുവരി 27–ാംതു–യാണ് ശ്രീ. കെ. എം. ഉണ്ണിത്താൻ ചെയർമാനായുള്ള ശമ്പളകമ്മീഷനെ ഗവണ്മെന്റ് നിയമിച്ചതു്. മേയ് 17–ാംതു അവർ അവരുടെ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചു. കമ്മീഷന്റെ നിയമന കാലാവധി 6 മാസമാണ് അതു തീരുന്നതിനകം കമ്മീഷൻ അവരുടെ വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതായിരിക്കും.

—— (സ്വ. ലേ)

WANTED fully qualified hands within the prescribed age limit for appointment in the M A M H S Koratty as Senior Malayalam teacher and a Part time Hindi teacher (Junior) in tamporary vacancies Retired qualified teachers below 59years may also apply. Apply within 10 days by registered post to the Manager with copies to the Dist Edl. Officer, Irinjalakuda.

M A M H S,
Koratty, Manager
18–5–1965.

WANTED fully qualified hands within prescribed age limits for appointments in School under the Management Seraphic Con G. H School Peringottukara as H S A-3 Science in Permanent and leave vacancies, 1 Mathematics and 1 Social studies in Permanent posts and 2 Malayalam permanent and temporary and one permanent High School Hindi. Retired qualified teachers below 59 years may also apply. Apply within 10 days by registered post to the Manager with copies to the D. E O Trichur.

ഡി. പി. ശമ്പളത്തിൽ ലയിപ്പിക്കണം

ഡിയർനസ് പേ എന്ന പേരിൽ സംസ്ഥാന ഗവണ്മെന്റ് ജീവനക്കാർക്ക് ഇന്നു കിട്ടുന്ന വേതനവിഭാഗം, ജീവിതച്ചെലവു് താഴ്ന്നതിനാൽനിന്നോ ഇന്നു നിലനിന്നുള്ള ഉറച്ച നിലനിന്നതിനാലോ യാതൊരു സൂചനയുമില്ലാത്ത ഇന്നത്തെ സാഹചര്യത്തിൽ, ഡി. പി. എന്ന പേരിൽ ഇടക്കിടെ നല്കുന്നതിലുപരിയായി ഈ തുകയും അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കണമെന്നും ശമ്പളകമ്മീഷൻ അവരുടെ ഇടക്കാല റിപ്പോർട്ടിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്.

കള്ളക്കള്ള് കേസുകളിൽ നിന്ന് 8365 ക കിട്ടി

സ്വ. ലേ പാലക്കാട്, മേ. 19

പാലക്കാട് ജില്ലയിൽ ഏപ്രിൽമാസത്തിൽ 136 മദ്യനിരോധലംഘനകേസ്സുകൾ ഉണ്ടായിരിക്കുന്നു. ഇതിൽ 50 യൂണും മൊബൈൽസ്ക്വാഡ് പിടിച്ചതാണ്. ഷൊർണ്ണൂർ ഡി. വൈ. എസ്. പി യും, പാലക്കാട്, ആലത്തൂർ, പെരിന്തൽമണ്ണ, പൊന്നാനി എന്നിവിടങ്ങളിലെ സർക്കിൾഇൻസ്പെക്ടർമാരും റെയ്ഡുകൾ നടത്തുകയുണ്ടായി. പ്രസ്തുത മാസത്തിൽ മദ്യനിരോധനലംഘനക്കേസ്സുകളിൽ 8365 ക. പിഴ വിധിക്കുകയും മുഴുവൻ തുകയും പിരിച്ചെടുക്കുകയുംചെയ്തിട്ടുണ്ട്.

....

ഉള്ളിയേരി കണയങ്കോട്ട് വൈദ്യുതലൈൻ

കോഴിക്കോട്, മേ 20

കൊയിലാണ്ടി താലൂക്കിൽ ഉള്ളിയേരിയിൽനിന്നും കണയങ്കോട്ടേയ്ക്ക് നീട്ടിയിട്ടുള്ള കിലോവാട്ട് വൈദ്യുതലൈൻ നിലൂടെ കറൻറ് ഉടനെ പ്രവഹിപ്പിച്ചുതുടങ്ങുന്നതാണ്. കൊയിലാണ്ടി പ്രദേശത്തേയ്ക്കുള്ള വൈദ്യുതിയുടെ അളവ് കൂട്ടുന്നതിനു് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ് ഈ ലൈൻ കമ്പികളേയോ ഇതര ഉപകരണങ്ങളേയോ സ്പർശിക്കുവാനും മരം മുതലായവ അപകടങ്ങൾക്കിടയായിത്തീരുന്നതിനുമുമ്പായി നീക്കുവാനും പൊതുജനങ്ങളും പ്രത്യേകം ശ്രദ്ധിക്കണമെന്നും എലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അറിയിപ്പിൽ പറയുന്നു. [സ്വ. ലേ]

നിയമനങ്ങളും മാറ്റങ്ങളും

കോഴിക്കോട്, മേ. 18

കൊയിലാണ്ടി താലൂക്കിൽ ശ്രീ. എൻ. കെ. നാരായണക്കുറുപ്പിനെ ഡെപ്യൂട്ടികളക്ടറായി ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള ശ്രീ. ബി വി. രാമനുപകരം അമ്പലവയൽ അഡ്മിനിസ്ട്രേറ്റീവ് ആഫീസറായും തിരൂർ താലൂക്ക് സപ്ലൈആഫീസർ ശ്രീ. പി. കുമുക്കുട്ടിയെ കൊയിലാണ്ടി താലൂക്കിലേക്കും അവിടെയിലാണ്ടിക്കുന്ന ശ്രീ. ജി. ഗോവിന്ദപിള്ളയെ അവധിയിൽനിന്നും തിരിച്ചുവിളിച്ച് തിരൂർ താലൂക്ക് സപ്ലൈആഫീസറായും നിയമിച്ചിരിയ്ക്കുന്നു.

—o—

ഇന്ത്യൻ ചീഫ് ജസ്റ്റിസിനു് അമേ: സുപ്രീം കോടതിയുടെ സൽക്കാരം

വാഷിംഗ്ടൺ, മെ 19

ഇന്ത്യൻ ചീഫ് ജസ്റ്റീസ് പി. ബി. ഗജേന്ദ്രഗാഡ്ക്കർ കഴിഞ്ഞദിവസം അമേരിക്കൻ സുപ്രീംകോടതി സന്ദർശിക്കുകയുണ്ടായി. അമേരിക്കൻ ചീഫ് ജസ്റ്റീസ് ഏർവാറൻ നൽകിയ ഒരു ലഞ്ചു് സൽക്കാരത്തിൽ അദ്ദേഹം ബഹുമാന്യാതിഥിയായിരുന്നു. ഇന്ത്യൻ അംബാസ്സഡർ ബി. കെ. നെഹ്റുവും സുപ്രീംകോടതിയിലെ അസോസ്യേററ് ജസ്റ്റീസും ലഞ്ചിൽ സംബന്ധിച്ചു.

ചീഫ് ജസ്റ്റീസ് ഏർവാറന്റെ ക്ഷണമനുസരിച്ച് ഒരു മാസക്കാലം അമേരിക്കയിൽ പര്യടനം നടത്തിക്കൊണ്ടിരിക്കുന്ന ഇന്ത്യൻ ചീഫ് ജസ്റ്റിസ് ചാൾസ്റ്റോൺ വില്ലിൽ [വെർജീനിയ] നിന്നു് ഇവിടെയെത്തി. അമേരിക്കയുടെ മൂന്നാമത്തെ പ്രസിഡണ്ടു് തോമസ് ജെഫേഴ്സന്റെ ഭവനമായ മോണ്ടിസെല്ലോയും അദ്ദേഹത്താൽ സ്ഥാപിതമായ വെർജീനിയാ സർവ്വകലാശാലയും ചീഫ് ജസ്റ്റീസ് സന്ദർശിച്ചു

അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ ആക്ടിംഗ് നിയമോപദേഷ്ടാവ് ലെയോനാർഡ് മീക്കറേയും അസിസ്റ്റന്റ് നിയമോപദേഷ്ടാവ് മിസ്സ് മാർജോറി ബൈറ്റ്മാനേയും ചീഫ് ജസ്റ്റീസ് ഗജേന്ദ്രഗാഡ്കർ തിങ്കളാഴ്ച രാവിലെ സന്ദർശിച്ചു. സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയിട്ടുള്ള 'ഡൈജസ്റ്റ് ഓഫ് ഇൻർനാഷനൽ ലോ' [സാദ്ധ്യേശീയനിയമസംഗ്രഹം] എന്ന സമഗ്രഗ്രന്ഥത്തിന്റെ ആദ്യത്തെ മൂന്നുവാല്യങ്ങളും മിസ്സ് ബൈറ്റ്മാൽ ചീഫ് ജസ്റ്റീസിനു് സമ്മാനിക്കുകയുണ്ടായി.

....

ആക്ഷേപങ്ങളും ആവശ്യങ്ങളും

പുത്തൂർ പഞ്ചായത്തിന്റെ ശ്രദ്ധക്ക്

പുത്തൂരിലുള്ള മാക്കാറിൽ ആട്ടുമാട്ടകച്ചവടം ഞായറാഴ്ചതോറും വെട്ടിനടത്തുന്നുണ്ട്. എന്നാൽ അതിന്റെ അവശിഷ്ടങ്ങൾ കഴിച്ചുകൂട്ടിത്തള്ളുകൊണ്ട് റോഡിലും മറവും നാറ്റവും കടിച്ചുവലിച്ചുനടക്കുന്നു് ഒരു നിത്യസംഭവമായിരിക്കുന്നു. ഇതുമൂലം ജനനിബിഡമായ ഈ സ്ഥലത്തു എപ്പോഴും നോക്കിയാലും ഈ അവശിഷ്ടങ്ങളുടെ ഒർഗ്ഗന്ധമാണ്. ആയതുകൊണ്ട് ജനങ്ങൾക്കും സംചരിക്കുന്നതും തിങ്ങിപാർക്കുന്നതുമായ ഈ മെയിൻറോഡിൽനിന്നും ജനനിബിഡമല്ലാത്ത ഒരു സ്ഥലത്തേക്ക് ഈ മാക്കാടെ മാറ്റിക്കിടക്കുവാൻ ആഗ്രഹിക്കുന്നു. അതിനു സാദ്ധ്യമല്ലെങ്കിൽ ഈ അവശിഷ്ടങ്ങൾ കഴിച്ചുമൂടാനെങ്കിലും ഒരു വഴി ഉണ്ടാകണം.

പുത്തൂർ നാട്ടുകാരൻ.

നടത്തറ പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കാൻ

നടത്തറ പഞ്ചായത്തിൽനിന്നും മടുമ്പുപടി കടവിൽ കല്ലുകൊണ്ട് കടവുകെട്ടിച്ചിട്ടുള്ളതു് മുഴുവൻ രണ്ടുദിവസംമുമ്പ് പെയ്ത മഴക്ക് തകർന്നുപോയിരിക്കുന്നു. പണിയുടെ തകരാറാണ് ഇതിനു കാരണമെന്ന് പറയപ്പെടുന്നു. അധികൃതർ അന്വേഷിച്ചാൽനന്ന്.

നാട്ടുകാരൻ

....

ആയുർവ്വേദ മണ്ഡലത്തിന്റെ വാർഷികം

മെയ് 22, 23 തിയതികളിൽ നടത്തപ്പെടുന്നു

കോട്ടയം മെയ് 19

കേരള ആയുർവ്വേദമണ്ഡലത്തിന്റെ 4–ാംവാർഷിക സമ്മേളനം മെയ് 22 23 തിയതികളിൽ കോട്ടയം ഹോംഗാഡ്സ് ഹാളിൽ വച്ചു നടത്തുന്നതാണ് 22–ാം തിയതി ശനിയാഴ്ച വൈകിട്ട് 4 മണിക്ക് ഉൽഘാടന സമ്മേളനവും അന്നുരാത്രി വിഷയനിർണ്ണയക്കമ്മിറ്റിയും നടക്കും. 23–ാം തീയതി ഞായറാഴ്ച രാവിലെ വാഷ്പികപൊതുയോഗവും വൈകിട്ട് പൊതുസമ്മേളനവും ചേരുന്നതാണ്.

ഉൽഘാടന സമ്മേളനത്തിനു മുൻപായി കണ്ണൂരുനിന്നും നെയ്യാറിൻകര നിന്നും ഇവിടെ എത്തുന്ന പതാകകൾക്ക് ഒരു ഗംഭീര സ്വീകരണവും നൽകുന്നുണ്ട്.

22–ാം തീയതി ശനിയാഴ്ച മൂന്നര മണിക്ക് മള്ളൂശ്ശേരി മഹാദേവൻ ബ്രഹ്മശ്രീ നാരായണൻ നമ്പൂതിരിപ്പാടിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന പൊതുയോഗത്തിൽ ശ്രീ. കെ. കുമാരപിള്ള, ശ്രീ. കെ. ഗോപാലൻ, ശ്രീ. സി. എൻ. ശ്രീകണ്ഠൻനായർ, ഇവർ പ്രസംഗിക്കും. ശ്രീ. വി. ആർ. കൃഷ്ണൻ തമ്പി, ശ്രീ. എൻ. കുഞ്ഞുപിള്ള, ശ്രീ. കെ. ഗോപിനാഥൻനായർ, ഇവർ ഗാനങ്ങൾ ആലപിക്കും. ശ്രീ. കെ. ഗോപിനാഥൻനായർ ഹാർമോണിയവും ശ്രീ. കെ. ഗോപാലൻ തബലയും വായിക്കും. ശ്രീ. കെ. ഗോപാലൻ നായർ നന്ദി പറയും.

സി. എൻ. നാരായണപിള്ള പതാക ഉയർത്തുന്നതാണ്. ഉൽഘാടനസമ്മേളനം ശ്രീ. എ. എൻ. തമ്പി ഉൽഘാടനം ചെയ്യും. യോഗത്തിൽ അദ്ധ്യക്ഷതവഹിക്കുന്നതു് മി. എം. പി. ഗോവിന്ദൻ നായരാണ്. ഡെ. മാത്യു, മണിയങ്ങാടൻ, ഡോ. കെ. രാജഗോപാലൻ, ശ്രീ. സി. എൻ. ശ്രീകണ്ഠൻനായർ ഇവർ പ്രസംഗിക്കും. മി. വി. ആർ. ബാലകൃഷ്ണൻ നായർ സ്വാഗതവും മി. കെ. ടി. മാധവൻ വൈദ്യൻ കൃതജ്ഞതയും പറയും.

രണ്ടാം ദിവസമായ ഞായറാഴ്ച രാവിലെ നടക്കുന്ന വാഷ്പികയോഗത്തിനു് മണ്ഡലം അധ്യക്ഷൻ മി. കോട്ടക്കൽ പി. വി. ഈശ്വരവാര്യർ അദ്ധ്യക്ഷവഹിക്കുന്നതാണ്. ഈ യോഗം ആയുർവ്വേദ ഡോക്ടർ ശ്രീ എം. എൻ. കേശവപിള്ള ഉൽഘാടനംചെയ്യും. മെ. എൻ. ശ്രീധരൻ കെ. എം. അഹമ്മദ്, ടി. എൻ. രാമകൃഷ്ണൻ ഇവർ പ്രസംഗിക്കും. മിസ്സിസ് മേരി എബ്രഹാം സ്വാഗതവും മി. കെ. കെ. ശേഖരൻ വൈദ്യൻ കൃതജ്ഞതയും പറയും പ്രമേയാവതരണങ്ങളും പുതിയ ഭാരവാഹി തെരഞ്ഞെടുപ്പുകളും ഈ യോഗത്തിൽ വച്ചു നടക്കുന്നതാണ്.

അന്നു വൈകിട്ടു നടക്കുന്ന പൊതുസമ്മേളനം ഉൽഘാടനം ചെയ്യുന്നതു് കേന്ദ്രമന്ത്രി ശ്രീ എം. തോമസ്സാണ്. മി. പി. വി. ഈശ്വരവാര്യരുടെ അദ്ധ്യക്ഷതയിൽകൂടുന്ന ഈ യോഗത്തിൽ മി. പി. പി. ജി. ഗോവിന്ദമേനോൻ, പി. കെ. വാസുദേവൻനായർ എം. പി. ശ്രീ. കാലടി പരമേശ്വരൻപിള്ള ഇവർ പ്രസംഗിക്കും. മി. കുമരകം പരമേശ്വരൻ പിള്ള സ്വാഗതവും മണ്ഡലം ജനറൽ സെക്രട്ടറി മി. കെ. വി. ശാസ്ത്രി കൃതജ്ഞതയും പറയും. യോഗത്തിനുശേഷം എല്ലാ സംഘടനകൾക്കും നന്ദി പ്രകാശിപ്പിച്ചു

....

സാഹിത്യപരിഷത്ത് സമ്മേളനത്തിനുവേണ്ട സൗകര്യം

ഇരിങ്ങാലക്കുട, മേ. 19

ഇവിടെവച്ചു നടക്കുന്ന സമസ്ത കേരള സാഹിത്യപരിഷത്തു് സമ്മേളനത്തിൽ പങ്കെടുക്കുവാൻ വരുന്ന സാഹിത്യകാരന്മാർക്കും പ്രതിനിധികൾക്കും മൂന്നുദിവസവും താമസിക്കുന്നതിനു് ക്രൈസ്റ്റ് കോളേജ് ഹോസ്റ്റലിൽ സൌകര്യങ്ങളേർപ്പെടുത്തിയിട്ടുണ്ടെന്നും, മുന്നു ദിവസത്തേക്കുകൂടി ഭക്ഷണച്ചിലവിനു് 10 ക. യാണ് വരികയെന്നും, താമസസൌകര്യങ്ങളും വേണ്ടവർ വിവരം കാലേകൂടി അറിയിക്കുന്നതിനും സ്വാഗതസംഘം ആഫീസിൽ നിന്നും അറിയിച്ചിരിക്കുന്നു. [സ്വ. ലേ]

....

തൃശൂർജില്ലയിലെ വൻകിട ജലസേചന പ്രവർത്തനം

9,72,432 രൂപാ ചിലവഴിച്ചു

തൃശൂർ, മെ. 20

തൃശൂർ ജില്ലയിലെ വൻകിട ജലസേചന പ്രവർത്തനങ്ങൾക്കുവേണ്ടി കഴിഞ്ഞ സാമ്പത്തികവർഷത്തിൽ 9,72432 രൂപാ ചിലവുചെയ്തുകയായി നീക്കിവച്ചിരുന്ന സംഖ്യയേക്കാൾ 12 ശതമാനം കൂടുതലാണ് കഴിഞ്ഞവർഷം വിനിയോഗിച്ചതു്.

—

പത്രാധിപർക്കുള്ള കത്തു

മാതൃഭാഷാ അദ്ധ്യാപകരും കേരളസർക്കാരിന്റെ തലതിരിഞ്ഞ നയങ്ങളും

സർ,

പരമ്പര്യ ഭാഷാബിരുദധാരികളായ മാതൃഭാഷാധ്യാപകരുടെ ശോചനീയ സ്ഥിതിയിലേക്ക് അങ്ങയുടെ ശ്രദ്ധപൂവ്വമായ ശ്രദ്ധ ഞാൻ ആദ്യമായി ക്ഷണിക്കട്ടെ. ഭാഷാസംസ്ഥാനരൂപീകരണം ഇന്നിവക്കൊരു തീരാശാപമായിതീർന്നിരിക്കയാണ്. ഒരു ഭാഷാധ്യാപകനായിരുന്ന ശ്രീ. മുണ്ടശ്ശേരി വിദ്യാഭ്യാസമന്ത്രിയായതോടുകൂടിയാണ് ആ ശാപം ശതഗുണീഭവിച്ചതു്.

വ്യത്യസ്തങ്ങളായ മാതൃഭാഷാ ബിരുദങ്ങളും കേരളത്തിൽ നിലവിലുണ്ടായിരുന്നു. വിദ്യാഭ്യാസനിലവാരത്തിൽ അവക്ക് തമ്മിൽ വ്യത്യാസമ

WANTED fully qualified lady teachers for appointment to the following posts: 1) Malayalam teacher-Senior grade. 2) Music teacher [Temporary]-Part time. 3) Physical Education Teacher part time Retired teachers below the age of 59 are also eligible for appointment. Apply to the Manager, S. H. C. G. H School, Trichur-1 within ten days with copy to the D. E. O. Trichur.

WANTED fully qualified hands within prescribed age limits for appointment in the School under the management of A A. H. S. Kuttanellur (P. O.) to the following posts in Govt. scals of pay & allowances. H. S. As 3 posts Maths-one, Physical Science-one, Social Studies-one. One Malayalam teacher higher grade. U. P. S. A. one, Phy. Edn. teacher-one and a Sanskrit teacher P. T. All the vacancies are likely to be made permanent. Retired qualified teachers below 59 years may also apply. Apply within 10 days by registered post to the manager with a copy to the D.E.O. Trichur

WANTED fully qualified hands within prescribed age limits for appointment in schools under the management of K Sankara Marar Manager of A U. P S, Kannara P. O. Kannara as L P. Assts in eight permanent and one temporary vacancies. Retired qualified teachers below 59 years may also apply. Apply within 10 days by registered post to the manager with copy to the A E O., Trichur.

U. P. S., Kannara
20-5-1965 Manager

WANTED fully qualified hands within, prescribed age limits for appointment in the school under the Management of Upper Primary School Thoot as two U.P. S. assts (1 Permanent 1 Temporary) in the scale of 40-120 and a Physical Instructor (full time permanent post) in the scale of 40-120. Retired hands below 59 years may also apply. Apply within ten days by a registered post to the Manager with a copy to Assistant Educational Officer, Cranganore.

WANTED fully qualified hands within prescribed age limits:- S. A. (Math) one; H S. A. Social study) one; Higher grade Pandit Full time-one; Higher grade Malayalam Pandit Part time-one. Retired persons below 59 may also apply to the Manager H. S. Mayannore. (Camp) Forane Church, Velur cochin. with a copy to the D E. O. Chowghat.

20 5-65.

WANTED a fully qualified Drill Teacher within the prescribed age limit for appointment in Edamuttam U P. S. under this management for a permanent vacancy. Retired qualified teacher below 59 years may also apply. Apply within 10 days to the manager Edamuttam. U P S. P. O Edamuttam, Valapad. by registered post with a copo to A. E. O. Chowghat.

WANTED fully qualified hands within the prescribed age limit for appointment in the St. Thomas College High School, Trichur, Malayalam teachers 3 in 80-165 grade (Permanent vacancies) Hindi teachers 2 (1 temp and 1 Study leave vacancy). P. T. Drill in temporary Retired qualified hands below 59 years may also apply. Apply within 10 days to the manager with copy to D E O Trichur,

WANTED fully qualified hands within the prescribed age limit for appointment in the staff manager School Union L. P. S. Kayaamangalam as L. P. S. A. permanent vacancy in the scale of Rs. 40-120. Retired hands below 59 years may also apply. Apply within 10 days by registered post to the manager with copy to A.E.O. Cranganore

WANTED fully qualified hands within prescribed age limit for appointment in the school under the management of L. M. S. Perumpilavu as permanent vacancies (1) T. T. C. I. (2) Drawing T. I (3) Drill I. Retired qualified teachers below 59 years may also apply. Apply within 10 days by registered post to the manager Edamuttam with copy to A. E. O. Kunnamkulam.

പൊതുതിമുട്ടിയ കോൺഗ്രസ്സുകാർ രാജിവെച്ചുതുടങ്ങി

ദക്ഷിണകാനറായിലെ തകർന്ന ഭക്ഷ്യനിലയിൽ പ്രതിഷേധം

കോൺഗ്രസ്സിന്റെ നെറികെട്ട ഭരണം കാഴ്ചവച്ച വിലവർദ്ധനവിനെ പുവിട്ടുപൂജിക്കുന്ന കോളത്തിലെ കോൺഗ്രസ്സുകാർക്ക് ഒരു തിരിച്ചടി

(പി ടി ഐ) മംഗലാപുരം, മേയ് 20

ജില്ലയിലെ അരിവില വർദ്ധനവിനെതിരായ പ്രതിഷേധമെന്ന നിലയിൽ ദക്ഷിണകനറായിലെ നിയമസഭാംഗങ്ങളും താലൂക്ക് ബോർഡ് പ്രസിഡണ്ടുമാരും തങ്ങളുടെ രാജി ജില്ലാകോൺഗ്രസ് കമ്മറിക്ക് സമർപ്പിച്ചിട്ടുള്ളതായിഡി. സി. സി. പ്രസിഡണ്ട് മി കെ. ഷെട്ടി പ്രസ്താവിച്ചിരിക്കുന്നു

ഈ ജില്ലയിലെ ഭക്ഷ്യനില വളരെ മോശമായിരിക്കുന്നു. ഒരു കപിൻറൽ അരി 150 രൂപ വിലയുള്ളതാണ് വിറകുകൊണ്ടിരിക്കുന്നതെന്ന് മി. ഷെട്ടി പറഞ്ഞു ഇതു് ഏതാണ്ടു് നിയന്ത്രിതവിലയുടെ ഇരട്ടിയാണ്.

സ്ഥിതിഗതികളം നിയന്ത്രണാതീതമാകുന്നതിനുമുമ്പ് സംസ്ഥാനഗവണ്മെണ്ടും ഭക്ഷ്യുകോർപ്പറേഷനുംവഴി ജില്ലയിലേക്ക് ഭക്ഷ്യധാന്യസ്റ്റോക്ക് എത്തിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രഭക്ഷ്യമന്ത്രിക്ക് താൻ ഒരു കമ്പിസന്ദേശമയച്ചിട്ടുള്ളതായും അദ്ദേഹം അറിയിച്ചു.

ഭക്ഷ്യസ്ഥിതിക്ക് ഒരു പ്രതിവിധികാണുന്നതു് സംബന്ധിച്ചു് സമ്മർദ്ദംചെലുത്തുന്നതിനായി ഫലപ്രദമായ ഒരു പരിപാടി ആസൂത്രണംചെയ്യുന്നതിനു് സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടേയും ഒരു സമ്മേളനം വിളിച്ചുകൂട്ടാൻ ജനസംഘത്തിന്റെ പ്രാദേശികഘടകം നിർദ്ദേശിച്ചിരിക്കുന്നു ഗവണ്മെണ്ടിന്റെ അശ്രദ്ധാപൂർവ്വമായനിലപാടിൽ പ്രതിഷേധിച്ചു്, നിയമസഭാമെമ്പർമാർ, മുനിസിപ്പൽ കൗൺസിലർമാർ, താലൂക്ക് ബോർഡ് മെമ്പർമാർ, പഞ്ചായത്തുമെമ്പർമാർ എന്നിവരുൾപ്പെടെ തിരഞ്ഞെടുക്കപ്പെട്ടവരെല്ലാം തങ്ങളുടെ സ്ഥാനം രാജിവെക്കുവാൻ ജനസംഘം അഭ്യർത്ഥിച്ചു.

പെട്ടെന്നു നടത്തിയ ഒരു അന്വേഷണത്തിന്റെ ഫലമായി ഇന്നലെ രാത്രി ഒരു കമ്മീഷൻ ഏജൻറിൽനിന്നും 7520-കിലോഗ്രാം അരി പോലീസ് പിടിച്ചെടുത്തിട്ടുണ്ട്. മംഗലാപുരം റെയിൽവേസ്റ്റേഷനിൽവെച്ച് പാക്കുചെയ്ത പെട്ടികളിൽനിന്നായി ഇന്നുരാവിലെ പോലീസ് 160 കിലോഗ്രാം അരി പിടിച്ചെടുത്തു. ടെയിൻഡഗ്ഗം ഈ അരി കേരളത്തിലേക്ക് കള്ളക്കടത്തുകയായി രുന്നുവത്രെ. ദക്ഷിണകാനറായിലെ മോശമായ ഭക്ഷ്യനിലയുടെ വെളിച്ചത്തിൽ രാജ്യരക്ഷാനിയമമനുസരിച്ചു ഭക്ഷ്യവിതരണം കർശനമായി നടപ്പാക്കുകയാണെന്നു് സി. ഐ. സി. സൂചിപ്പിച്ചതായും പി. ടി. ഐയോടു് പറഞ്ഞു.

[അരിക്ഷാമം കേരളത്തിൽ രൂക്ഷിക്കുകയിലേതിനേക്കാൾ കൂടിയ വില കൊടുക്കണം. പക്ഷേ, ഇവിടെ കരുകോൺഗ്രസ്സും ഒരു രാജിയുമായി മുന്നോട്ടുവന്നിട്ടില്ലെന്നതു് പ്രത്യേകം പ്രസ്താവ്യമാണു്. കോൺഗ്രസിന്റെ നെറികെട്ട നയം എത്രനാൾ പട്ടിണിവീരന്മാരുടെ ഇടയിലെ കോൺഗ്രസ്സുകാക്ക് ഒരു ചലനവുമുണ്ടാകുകയില്ല. [തൊ. പ]

തൃശൂർ ത്രുപതയിൽ വിൻസെൻറ് ഡി പോൾ സംഘടനയുടെ സാമൂഹ്യ സേവനങ്ങൾ

സാധുസമുദ്ധരണത്തിനു് 1 ലക്ഷം ക. ചിലവഴിച്ചു

തൃശൂർ, മെ. 19

തൃശൂർ ത്രുപതാ സെൻറ് വിൻസെന്റ് ഡി പോൾ സംഘം കേന്ദ്രകൗൺസിലിന്റെ 17-ാം വാർഷികയോഗം ഇക്കൊല്ലം 15, 16 എന്നീ തീയ്യതികളിൽ തൃശൂർ മെത്രാൻ റൈറ്റ് വെ. ഡോ. ജോർജ്ജ് ആലപ്പാട്ടിതിരുമേനിയുടെ അദ്ധ്യക്ഷതയിൽ അതിവിപുലമായ പരിപാടികളോടെ തോപ്പ് സെമ്മിനാരിയിൽവെച്ച് കൊണ്ടാടുകയുണ്ടായി.

കേന്ദ്രകൗൺസിൽ പ്രസിഡണ്ടായ ശ്രീ. സി. എൽ. ഇഗ്നേഷ്യസ് സഭാസ്ഥിതിയെപ്പറ്റിയുള്ള തുടർന്നു് സ്വീകരിച്ച ശ്രീ. കെ. എസ്സ്. ആൻറണി വായിച്ച സംഘടനാ റിപ്പോർട്ടു് സഭ അംഗീകരിച്ചു് പാസ്സാക്കി. ഇക്കൊല്ലത്തിൽ ആകെ 53 കോൺഫ്രൻസുകളാണ് ത്രുപതയിൽ ഉടനീളം സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്. ഇക്കൊല്ലത്തെ മൊത്തം ചിലവു് 102765 ക. 24 ന. പ. യാണ് ഇതിൽ ഭക്ഷണചിലവിനു് 26, 750.96 കയും വസ്ത്രത്തിനു് 3572.77 കയും വൈദ്യസഹായത്തിനായി 1830581 കയും വിദ്യാഭ്യാസത്തിനായി 4888.81 കയും ഭവനപുരയിടം ഉണ്ടാക്കികൊടുപ്പാൻ 16129.21 കയും കൂടാതെ സാധുയുവതികളുടെ വിവാഹനടത്തിപ്പിനും മറ്റുമായി 33217.67 കയും റിപ്പോർട്ടുവർഷത്തിൽ സാധുക്കൾക്കു വേണ്ടി ചിലവഴിച്ചിട്ടുണ്ടു്. റിപ്പോർട്ടു വായിച്ചശേഷം കേരളത്തിലെ സുപ്രസിദ്ധ്യനുമായ പ്രഗത്ഭവാഗ്മിയുമായ റവ: ഫാ: ജനീസിയുസ്സ് സി. എം. ഐ. ഒരു ഉജ്ജ്വലപ്രസംഗം ചെയ്തു. കേരളത്തിലെ വിൻസെൻറ് ഡിപോൾ സംഘടനകളിൽവെച്ച് തൃശൂർ ത്രുപതയാണ് ഈ കാര്യത്തിൽ മുന്നിട്ടുനിൽക്കുന്നതെന്നും ഇവിടത്തെ സംഘടന നാം കണ്ടറിഞ്ഞും പുരോഗമിച്ചുകൊണ്ടിരിക്കുന്നവന്നും, തൻനിമിത്തം ഈ നാട്ടിലെ നിരാശരായ അനേകം സാധുക്കൾക്ക് ആശയുടെ കൈത്തിരി നൽകുവാൻ സാധിക്കുന്നുണ്ടെന്നും അദ്ദേഹം തന്റെ വസന്തത്തിൽ എടുത്തുകാട്ടി. ഇതിനു കാരണം ഇവിടത്തെ ത്രുപതാധ്യക്ഷന്മാർ നിസ്വാർത്ഥസേവകരായ യുവാക്കളാണെന്നും അദ്ദേഹം പറഞ്ഞു. സംഘടനയുടെ രക്ഷകർത്താവും അദ്ധ്യക്ഷനുമായ ബിഷപ്പ് തിരുമേനി തൻറെ അദ്ധ്യക്ഷപ്രസംഗത്തിൽ സംഘടനയുടെ വളർച്ചയിലുണ്ടായ അഭിവൃദ്ധിയെ അഭിനന്ദിക്കുകയും, കൂടുതൽ തീഷ്ണതയുള്ളവരായി പ്രവർത്തിക്കണമെന്നു് ആഹ്വാനം ചെയ്തു. സംഘടനയുടെ ആദ്ധ്യാത്മികോപദേഷ്ടാവായ വെ റവ. ഫാ. ആൻറണി മാളിയേക്കൽ സമ്മേളനത്തിനു് നന്ദി പറഞ്ഞു. ത്രുപതയുടെ വിവിധഭാഗങ്ങളിൽനിന്നായി വിൻസെൻഷ്യൻ സഹോദരന്മാരായി 200 പേർ യോഗത്തിൽ പങ്കെടുത്തിരുന്നു.

....

ഓട്ടുകമ്പനി തൊഴിലാളി കൾക്കു് മിനിമം വേജസ്സ് നല്കി

സ്വ ലേ, കരുവന്നൂർ, മെ. 20

കരുവന്നൂർ ഓട്ടുകമ്പനി തൊഴിലാളികളുടെ പുരുക്കിയ മിനിമം വേജസ്സ് കമ്പനി ഉടമകളം നല്കിയിരിക്കുന്നു ഗവണ്മെണ്ടു് നോട്ടിഫിക്കേഷൻ അനുസരിച്ചു് ഏപ്രിൽ 1-മുതൽ മിനിമം വേജസ്സ് നടപ്പാക്കാത്തതിൽ കരുവന്നൂർ പനമുകളം ഓട്ടുകമ്പനിതൊഴിലാളി യൂണിയനിൽപ്പെട്ട തൊഴിലാളികൾ പ്രതിഷേധിക്കുകയുണ്ടായി.

....

ആനവണ്ടിമറിഞ്ഞു് 8 പേർ കൊല്ലപ്പെട്ട

പി. ടി ഐ ഔരംഗബാദ്, മെ. 20

ഇന്നലെ വൈകീട്ടു്, ഇവിടെനിന്നും 40 മൈൽ അകലെ ഖണ്ഡേലാ ഗ്രാമത്തിനു സമീപമുള്ള ഘോർ നദിയിലേക്കു് നദിക്കരകെയുള്ള പാലത്തിൽ നിന്നും ഒരു സ്റ്റേറ്റ് ട്രാൻ. ബസ്സു് മറിഞ്ഞതിനെതുടർന്നു് 8 പേർ കൊല്ലപ്പെട്ടിരിക്കുന്നു.

5 പേർ തൽക്ഷണം മരിച്ചു. മൂന്നു പേർ ആസ്പത്രിയിലേയ്ക്കുള്ള വഴിയിൽവച്ചും. മരിച്ചവരിൽ ഒരു സ്ത്രീയും ഒരു കുട്ടിയും ഉൾപ്പെടുന്നു.

35 പേർക്കു് പരിക്കേറ്റു. ഇവരിൽ 10 പേരുടെ സ്ഥിതി ഗുരുതരമാണു്. ബസ്സിൽ ആകെ 65 യാത്രക്കാരുണ്ടായിരുന്നു.

.....

ഹരിജൻ സെമിനാർ

തൃശൂർ മെ. 20

ഇന്നലവരെ ഉണ്ടായിട്ടുള്ള പുരോഗതിയിൽ ഹരിജനങ്ങളുടെ തനതായ നേട്ടങ്ങളെക്കുറിച്ചു് വിലയിരുത്തുന്നതിനും സ്വയം വളച്ചുയുടേതായ പ്രവർത്തനപരിപാടികൾക്കു് രൂപംകൊടുക്കുന്നതിനും അതിനു് ആവശ്യമായ തീരുമാനങ്ങളും എടുക്കുന്നതിനുമായി തൃശൂർ നിയോജകമണ്ഡലത്തിലെ ഹരിജൻ പ്രതിനിധികളുടേതായ ഒരു സെമിനാർ തൃശൂർ നിയോജകമണ്ഡലം ഭരണീയ അഡ്വ:കൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ 1965 മേയ് 23-നു ഞായറാഴ്ച രാവിലെ 9 മണിക്കു് ശിവരാമപുരം കോളനിയിൽവെച്ചു് നടത്തപ്പെടുന്നതാണു്.

പ്രസ്തുത സെമിനാറിൽ കെ. കെ. ബാലകൃഷ്ണൻ, ടി. പി. സീതാരാമൻ, പി. ആർ. ഫ്രാൻസീസ് എന്നിവർ സംബന്ധിക്കുന്നതാണു്.

....

മല്ലശ്ശേരി ബ്ലോക്കിലെ ഗ്രാമീണ ഭവന നിർമ്മാണപദ്ധതി

കഴിഞ്ഞവർഷം 18 പുതിയ വീടുകളം നിർമ്മിച്ചു

മല്ലശ്ശേരി മെ. 20

ഗ്രാമീണ ഭവനനിർമ്മാണ പദ്ധതിയനുസരിച്ചു് മല്ലശ്ശേരി വികസന ബ്ലോക്കിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അന്നകര വില്ലേജിൽ 18 പുതിയ വീടുകളംകൂടി നിർമ്മിക്കപ്പെട്ടിരിക്കുന്നു. ഇതിനായി 38,650 രൂപ യാണു് ചിലവഴിച്ചതു്. ഇതിനുമുൻപു് നിർമ്മിക്കപ്പെട്ട 23 വീടുകൾക്ക പുറമെയാണു് ഇതു്. 3314 രൂപാ ചിലവുചെയ്തു ഇരുമ്പുഗണ്ണും പാലുകളോടുകൂടി 1.2 കിലോമീറ്റർ ദൂരത്തിൽ ഒരു റോഡും ഇവിടെ നിർമ്മിക്കുകയുണ്ടായി.

"ഏഴകളുടെ തോഴ"ന്റെ നാട്ടിലും കോൺഗ്രസ്സ് കോട്ടകം തകർന്നടിയുന്നു

കാമരാജിനു് വല്ലാത്ത അമ്പരപ്പു്

മദിരാശി, മെയ് 19

ഇന്ത്യയിൽ മദിരാശിയിലാണല്ലോ കോൺഗ്രസ്സിനു് ഒരുറച്ച സംഘടനയുള്ളതു്സാക്ഷാൽ കാമരാജന്റെ തണലിൽ നിലനില്ക്കുന്ന മദിരാശി കോൺഗ്രസ്സിലും വിള്ളലും പൊട്ടലും ചീറ്റലും ഉള്ള വായതായി റിപ്പോർട്ടു് ചെയ്യപ്പെട്ടിരിക്കുന്നു.

മൂന്നു് എം. പി. മാർ കോൺഗ്രസ്സു് അസംബ്ലി പാർട്ടിയിൽനിന്നു് ഇതിനകം രാജിവെച്ചു കഴിഞ്ഞു. രാജ്യതാല്പര്യസംരക്ഷണത്തിൽ ഭരണകക്ഷിയായ കോൺഗ്രസ്സു് അനുവർത്തിച്ചവരുന്ന അവഗണനയിൽ പ്രതിഷേധിച്ചാണു് ഈ രാജികളുണ്ടായതു്. മാത്രമല്ല മുൻമന്ത്രി എസ്സ്. എസ്സ്. രാമസ്വാമി പടയാച്ചിയുടെ നേതൃത്വത്തിൽ ഒരു വിഭാഗം രാജ്യകാം കോൺഗ്രസ്സിൽനിന്നും വിട്ടുപോകുകയും ചെയ്തിരിക്കുന്നു. മി. പടയാച്ചിയുടെ നേതൃത്വത്തിൽ ഉണ്ടെപ്പുപ്പാർട്ടി കക്ഷി ഏതൊരു പാർട്ടി സംഘടിപ്പിച്ചിട്ടുണ്ടു്. പ്രമുഖ കോൺഗ്രസ്സ് പ്രവർത്തകരായ അണ്ണാമല ഗൗണ്ടർ ആർ. കെ. പെരിയസ്വാമി മുതലായവർ കോൺഗ്രസ്സിൽനിന്നും രാജിവെച്ചു് ഉടനെ പ്രോഗ്രസ്സീവ് കക്ഷിയിൽ ചേർന്നതായും അറിയുന്നു.

ഈ സംഭവങ്ങളും കാമരാജിനെ അമ്പരപ്പിച്ചിട്ടുണ്ടു്.

.....

തൃശൂർ വാർത്തകൾ

(സ്വ ലേ) മേയ്, 20

അപേക്ഷകൾ ക്ഷണിക്കുന്നു

കൃഷിവകുപ്പിൽ അഗ്രികൾച്ചറൽ, സ്റ്റാറോസ്റ്റിക്കൽ ഇന്റിയർ ലക്ചറർ, എഞ്ചിനോമിക്സ് സ്റ്റാറോസ്റ്റിക്കൽ ബ്യൂറോയിൽ റിസർച്ച് ഓഫീസർ, ഫിഷറീസിൽ ഫോർമാൻ (മെക്കാനിക്കൽ), ഫോർമാൻ (ബോട്ടു് ബിൽഡിങ്ങു് കാർപ്പന്ററി വിഭാഗം) മെഡിക്കൽ കോളേജിൽ, മീഡിയമെക്കാനിക്, സാങ്കേതിക വിദ്യാഭ്യാസവകുപ്പിൽ സെക്ഷൻഫൊഡ്, എലക്ട്രിക്കൽ എഞ്ചിനീയറിങ്ങ് ലക്ചറർ, മെക്കാനിക്കൽ എഞ്ചിനീയറിങ്ങ് സെക്ഷൻ ഹെഡ്ഡ് എന്നീ തസ്തികകൾക്കു് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അപേക്ഷ ക്ഷണിച്ചിരിക്കുന്നു. വിശദവിവരങ്ങൾ മേയ് 11-നകം-യിലെ ഗസറ്റിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടു്.

ഒല്ലൂക്കര ബ്ലോക്കിലെ പ്രയുക്ത പോഷകാഹാര പരിപാടി

ഒല്ലൂക്കര ബ്ലോക്കിലെ പ്രയുക്ത പോഷകാഹാര പരിപാടിയുടെ ഏകീകരണ സമിതി റിഫ്രൈഷർ ട്രൈനിങ്ങു് കോളേജു് പ്രിൻസിപ്പാലം ശ്രീ. എം. കൊച്ചുണ്ണിമേനോന്റെ അദ്ധ്യക്ഷതയിൽ ബ്ലോക്കാഫീസിൽ യോഗം ചേരുകയും ഈ പരിപാടിയുടെ പ്രവർത്തനത്തെക്കുറിച്ചു ചർച്ച നടത്തുകയും ചെയ്തിരിക്കുന്നു. ജില്ലാ കൃഷി ആഫീസർ, ജില്ലാ പഞ്ചായത്തു് ആഫീസർ, ജില്ലാ വിദ്യാഭ്യാസ ആഫീസർ തുടങ്ങിയവർ യോഗത്തിൽ സംബന്ധിച്ചിരുന്നു. പ്രയുക്ത പോഷകാഹാര പരിപാടി ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനായി പഞ്ചായത്തു് ലെവൽ ഉപസമിതികം രൂപീകരിക്കുന്നതിനു യോഗം തീരുമാനിച്ചു.

ബാലചിത്രസമിതി

കേരള ബാലചിത്രസമിതിയുടെ നെഹറു പാക്കു് പരിപാടികളിലേക്കു് വളണ്ടിയർമാരായി ചേരുവാൻ താല്പര്യമുള്ള എല്ലാ വളണ്ടിയർമാരും അടുത്ത 22-നു തിയതി ശനിയാഴ്ച രാവിലെ 11 മണിക്കു് ഫിലിം ക്ലബ്ബിൽ വെച്ചു നടത്തുന്ന പരിശീലനക്ലാസ്സിൽ സംബന്ധിക്കേണ്ടതാണെന്നു് സിക്രട്ടറി അറിയിക്കുന്നു. പുതിയതായി ചേരാനാഗ്രഹിക്കുന്ന വളണ്ടിയർമാർ രാവിലെ പത്തുമണിക്കു് ഹാജരായിരിക്കണം.

സംയുക്തവാർഷികം

മതിലകം മെ. 18

മതിലകം സൂറിയാനിപ്പള്ളിയിലെ മരിയാസഖ്യത്തിന്റെയും മാതൃസംഘത്തിന്റേയും സംയുക്തവാർഷികം കഴിഞ്ഞ ദിവസം പള്ളിയങ്കണത്തിൽവെച്ചു് റെ. ബ. അച്ചൻ ജോർജ്ജച്ചന്റെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചു.

യോഗത്തിൽ ജോജോ നെല്ലായിയുടെ പ്രസംഗവും വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു. യോഗാനന്തരം മരിയാസഖ്യാംഗങ്ങൾ 'വിതച്ചതു് കൊയ്യുന്നു' എന്ന സാമൂഹ്യസംഗീത നാടകം തന്മയത്വത്തോടെ അവതരിപ്പിച്ചു.

....

തൃശൂർ വാർത്തകൾ

(സ്വ ലേ) മേയ്, 20

അപേക്ഷകൾ ക്ഷണിക്കുന്നു

കൃഷിവകുപ്പിൽ അഗ്രികൾച്ചറർ, സ്റ്റാറോസ്റ്റിക്കൽ ഇന്റിയർ ലക്ചറർ, എഞ്ചിനോമിക്സ് സ്റ്റാറോസ്റ്റിക്കൽ ബ്യൂറോയിൽ റിസർച്ച് ഓഫീസർ, ഫിഷറീസിൽ ഫോർമാൻ (മെക്കാനിക്കൽ), ഫോർമാൻ (ബോട്ടു് ബിൽഡിങ്ങു് കാർപ്പന്ററി വിഭാഗം) മെഡിക്കൽ കോളേജിൽ, മീഡിയമെക്കാനിക്, സാങ്കേതിക വിദ്യാഭ്യാസവകുപ്പിൽ സെക്ഷൻഫൊഡ്, എലക്ട്രിക്കൽ എഞ്ചിനീയറിങ്ങ് ലക്ചറർ, മെക്കാനിക്കൽ എഞ്ചിനീയറിങ്ങ് സെക്ഷൻ ഹെഡ്ഡ് എന്നീ തസ്തികകൾക്കു് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അപേക്ഷ ക്ഷണിച്ചിരിക്കുന്നു. വിശദവിവരങ്ങൾ മേയ് 11-നകം-യിലെ ഗസറ്റിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടു്.

ജലവിതരണപ്രവർത്തന പുരോഗതി

തൃശൂർ, മെ. 20

തൃശൂർ ജില്ലയിൽ ജലവിതരണപ്രവർത്തനങ്ങൾക്കു് അനുവദിച്ചിരുന്നതിനേക്കാൾ കൂടുതൽ സംഖ്യ കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ചിലവഴിക്കുകയുണ്ടായി. 1,78,000 ക. യാണു് ജലവിതരണപ്രവർത്തനങ്ങൾക്കു് അനുവദിച്ചിരുന്നതെങ്കിലും വർഷാവസാനത്തിൽ 2,27,896 ക. ഈ ഇനത്തിൽ വിനിയോഗപ്പെടുത്തി. നീക്കിവച്ചിരുന്ന സംഖ്യയുടെ 128 ശതമാനമാണു് കഴിഞ്ഞവർഷം ചിലവഴിച്ചതു്.

....

കൊക്കോ കൃഷിക്കാർക്കുവേണ്ടി

തൃശൂർ മെയ് 20

കൊക്കോ കൃഷി, കേരളത്തിലാനല്ല ഭാരതത്തിൽതന്നെ പുത്തനായ ഒരു സംരംഭമാണു്. വളരെ ഉയരമുള്ളപ്രദേശം വിദേശനാണ്യം നേടാൻ കഴിയുന്നുമായ ഈ കൃഷി ഇന്ത്യയിൽ നടപ്പിലാക്കുന്നതിനുള്ള പദ്ധതികം ഇതിനൊരുപൊമുഖനായി ഉണ്ടാകേണ്ടതായിരുന്നു. ഭാരതത്തിൽ മലിരാശി മാത്രമാണു് കൊക്കോ കൃഷിയിൽ ചിലതൊക്കെ ചെയ്തിട്ടുള്ളതു്.

അതുകൊണ്ടു് കേരളത്തിൽ ഈ കൃഷി വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി കേരള കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ അതിനുവേണ്ട ചില പദ്ധതികം തയ്യാറാക്കി അതു നടപ്പിലാക്കിവരികയാണു്. ഈ പദ്ധതിയനുസരിച്ചു കൊക്കോ കൃഷിയിൽ താല്പര്യമുള്ളവർക്ക് കൊക്കോ തൈകം വിതരണം ചെയ്യുവരുന്നു. മിക്കവാറും എല്ലാതരം തോട്ടംകൃഷിക്കും അനുയോജ്യമായ കേരളത്തിന്റെ മലമ്പ്രദേശങ്ങം കൊക്കോ കൃഷിക്ക് ഏറ്റവും പറ്റിയ മണ്ണും കാലാവസ്ഥയുംകൊണ്ടു് അനുഗ്രഹീതമാണു്.

സമുദ്രനിരപ്പിൽനിന്നും 3000 അടിവരെ ഉയന്ന പ്രദേശങ്ങളിൽ കൊക്കോ വിജയകരമായി കൃഷിചെയ്യാം കൊക്കോ തൈകൾ ഇഷ്ടപ്പെടുന്ന വഴ്ഗത്തിൽ പ്രോത്സാഹനംകൊണ്ടു് മലമ്പ്രദേശങ്ങളിലെ മരങ്ങളുടെ തണലിലൊ, മരങ്ങളില്ലാത്തിടത്തു് നട്ടുപിടിപ്പിച്ച വൃക്ഷങ്ങളുടെ മുവട്ടിലൊ കൃഷി ചെയ്യാവുന്നതാണു്. പത്തടി അകലത്തിൽ കഴികം എടുത്തു് മാറ്റം തോട്ടം കൃഷികളെപോലെതന്നെ കൊക്കോയും കൃഷിചെയ്യാവുന്നതാണു്.

കൃഷിക്കാർക്ക് ആവശ്യമുള്ള തൈകൾ വിതരണം ചെയ്യുന്നതിലേക്ക് തൃശൂർജില്ലയിൽ പ്ലെയ്ക്കര കൃഷി ഫാമത്തിലും, കോഴിക്കോടു് ജില്ലയിൽ കൂത്താളി കൃഷിഫാമത്തിലും, രണ്ടു തൈവളർത്തൽകേന്ദ്രങ്ങൾ പ്രവർത്തിച്ചവരുന്നുണ്ടു്. കൊക്കോ കൃഷിയിൽ താല്പര്യമുള്ളവർക്കു് തയ്യാറാണിന്നു് 25 പൈസാ നിരക്കിൽ ഈ കൃഷിഫാമങ്ങളിൽനിന്നും തൈകൾ ലഭിക്കുന്നതാണു്. കൂടാതെ കൃഷി വകുപ്പിൽനിന്നും കൊക്കോകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു് ദീർഘകാലയളവിൽ തിരിച്ചടയ്ക്കാവുന്ന വായ്പാസഹായവും നല്കുന്നതാണു്. മണ്ണത്തിയിലുള്ള കൊക്കോ ഡെവലപ്പ്മെൻറ് ആഫീസർക്ക് എഴുതി ചോദിക്കുകയാണെങ്കിൽ കൊക്കോകൃഷി സംബന്ധിച്ചുള്ള വിശദവിവരങ്ങൾ അറിയാവുന്നതാണു്. കൃത്രിമി കാർഷിക ഗവേഷണകേന്ദ്രത്തിൽനിന്നും [ചക്കിട്ടപ്പാറ വഴി പോ സ്വ] മണ്ണത്തിയിലെ കൊക്കോ ഡവലപ്പ്മെൻറ് ആഫീസറുടെ ആഫീസിൽനിന്നും ആവശ്യക്കാക്ക് കൊക്കോ തൈകം ലഭിക്കുന്നതായിരിക്കും.

....

അയ്യപ്പന്റെ കുടുംബത്തെ സഹായിക്കുക

പാലക്കാടു് മെ. 20

കഴിഞ്ഞദിവസം പാലക്കാട്ടെ ഒരു റോസ്റ്റോറണ്ടിൽ തൊഴിൽ ചെയ്തിരുന്ന അയ്യപ്പന്റെ സംശയകരമായ മരണത്തെത്തുടർന്നു് അദ്ദേഹത്തിന്റെ കുടുംബം പട്ടിണിയിലായിരിക്കുകയാണെന്നും ആ കുടുംബത്തെ സഹായിക്കണമെന്നും ഹോട്ടൽ മസ്ദൂർസഭാ സിക്രട്ടറി കെ. രാജൻനമ്പൂതിരി ഒരു പ്രസ്താവനയിൽ അഭ്യർത്ഥിച്ചിരിക്കുന്നു.

....

ഭൗതിക പ്രലോഭനത്തിനെതിരെ ഈശ്വര വിശ്വാസികം മുഴുവൻ ഒന്നിക്കുക

ജമാഅത്തെ ഇസ്ലാമി യോഗത്തിന്റെ ആഹ്വാനം

മാള മെ. 19

ഇവിടെക്കടത്ത കരുപടന്ന ഹൈസ്ക്കൂളിനു് സമീപം സമ്മേളിച്ച ഇന്ത്യൻ ജമാഅത്തെ ഇസ്ലാമിയുടെ യോഗത്തിൽ സംബന്ധിച്ചുകൊണ്ടു് ദക്ഷിണ കേരള ജനാസിം കെ അബ്ദുസലാം മൌലവി നടത്തിയ പ്രസംഗത്തിൽ, എല്ലാ സനാതന ധാമ്മികമൂല്യത്തേയും അടിച്ചമർത്തി മുന്നോട്ടുകൊണ്ടിരിക്കുന്ന ഭൌതിക പ്രലോഭനത്തിനെതിരിൽ ദൈവവിശ്വാസികളായ എല്ലാ നല്ല മനുഷ്യരും ഒന്നിക്കണമെന്നഭ്യർത്ഥിച്ചു.

ഭൌതികതത്വത്തിന്റെ ഉൽക്കടപ്രവാഹത്തിൽ കലിച്ചുപോകുന്നതു് ഏതെങ്കിലും ഒരു പ്രത്യേക മതം മാത്രമായിരിക്കയില്ല, എല്ലാ മതങ്ങളുമായിരിക്കുമെന്നു് അദ്ദേഹം കൂട്ടിച്ചേർത്തു. വിശുദ്ധ ഖുർആന്റെ മുഴുവൻ ശിക്ഷണശീലനങ്ങളും ജീവിതത്തിൽ പകർത്തി യഥാർത്ഥ ദൈവദാസനായി ജീവിച്ചു് ലോകത്തിനു് മാതൃകയായിത്തീരുവാൻ മുസ്ലീങ്ങളെ അദ്ദേഹം ഉൽബോധിപ്പിച്ചു. കെ ഇ. സെയ്ദുമുഹമ്മദും പ്രസംഗിച്ചു.

....

കൊല്ലം വിക്ടോറിയാ ആസ്പത്രിക്കു് പുതിയ കെട്ടിടം

നോവ്വെ ഗവർമ്മെണ്ടിന്റെ സമ്മാനം

കൊല്ലം, മെയ് 19

കൊല്ലം വിക്ടോറിയാ ആസ്പത്രിക്കു് ഒരു പുതിയ ഇരുനിലക്കെട്ടിടം നിർമ്മിച്ചുകൊടുക്കുന്നതിനുനോവ്വേക്കാർ തീരുമാനിച്ചിരിക്കുന്നതായറിയുന്നു.

ഇതിന്റെ പ്ലാനും എസ്റ്റിമേറും തയ്യാറാക്കി നോവ്വേയിലേക്കു് അയച്ചുകഴിഞ്ഞു. അവരിൽ സംസ്ഥാന അധികൃതർ ചെലുത്തുന്ന സ്വാധീനത്തെ ആശ്രയിച്ചാണു് അതു് അന്തിമമാനമതി നേടിവരുന്നതു്.

കൊല്ലം ജില്ലയ